# മാധ്യമങ്ങളും ക്രൈസ്തവ മൂല്യങ്ങളും



ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി
കുര്യച്ചൻ പി. എ. പുതുക്കാട്ടിൽ

Kerala Catholic Students League Publication

www.malankaralibrary.com

# മാധ്യമങ്ങളും ക്രൈസ്തവ മൂല്യങ്ങളും

ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി
കുര്യച്ചൻ പി. എ. പുതുക്കാട്ടിൽ

കെ. സി. എസ്. എൽ. പ്രസിദ്ധീകരണം
1995



www.malankaralibrary.com

Malayalam

MADHYAMANGALUM CHRISTHAVA MOOLYANGALUM
(Media and Christian values)

Prepared by
Fr. SEBASTIAN PUNNASSERY
KURIACHAN P. A. PUTHUKKATTIL

First Edition
June 1995

Page set-up by
Marian DTP Centre, Changanassery
Printed at
Cejo Printers Changanassery

Published by
KCSL Central Office
POC Kochi - 682 025
Copies - 7500
Price - 7.00
©
Kerala Catholic Students League

www.malankaralibrary.com

ഉള്ളടക്കം

പീഠിക

1. മാധ്യമം

2. ബഹുജന മാധ്യമങ്ങൾ

3. വർത്തമാനപത്രം

4. റേഡിയോ

5. ടെലിവിഷൻ

6. സിനിമ

7. പരസ്യം

8. മാധ്യമങ്ങളുടെ ശക്തി

9. മാധ്യമങ്ങളുടെ സ്വാധീനം

10. മാധ്യമങ്ങളും മൂല്യങ്ങളും

11. മാധ്യമങ്ങളും ക്രൈസ്തവ മൂല്യങ്ങളും

12. മാധ്യമ ജാഗ്രത ബൈബിൾ വീക്ഷണത്തിൽ

13. ടെലിവിഷൻ കുടുംബത്തിൽ

14. മാധ്യമബോധനം എങ്ങനെ.

www.malankaralibrary.com

## അവതാരിക

അടുത്ത നാളിൽ കേരളത്തിലെ നിലവാരം പുലർത്തുന്ന ഒരു സ്കൂളിൽ കുട്ടികൾക്കായി ഞാൻ ധ്യാനം നടത്തി. വളരെ നന്നായി പഠിച്ചിരുന്ന ഏതാനും കുട്ടികൾ പത്താംക്ലാസ്സിൽ എത്തിയപ്പോൾ പഠിത്തത്തിൽ പിന്നോട്ടുപോയി. അതിൻെറ കാരണമറിയാതെ ബന്ധപ്പെട്ടവർ അസ്വസ്ഥരായിരുന്ന അവസരമായിരുന്നു അത്. ധ്യാനത്തിൻെറ അവസാനദിവസം നാലുകുട്ടികൾ എൻെറ പക്കൽ വന്നു കുറ്റബോധത്തോടെ പറഞ്ഞു "അച്ചാ പഠനത്തിൽ ഞങ്ങൾക്ക് ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. വായിക്കാനിരിക്കുമ്പോൾ അശ്ലീല ചിന്തകളാണ്" ഞാൻ ചോദിച്ചു എന്തു പറ്റി? അവർ പറഞ്ഞു സ്കൂളിൽ നിന്നും ആരും അറിയാതെ ടൗണിൽ ഒരു കടയിൽപോയി മോശമായ വീഡിയോ സിനിമകൾ കണ്ടിരുന്നു. അന്നു മുതൽ ഞങ്ങൾ പഠനത്തിൽ പിന്തള്ളപ്പെടാൻ തുടങ്ങി. ക്ലാസ്സിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല...മനസ്സിൻെറ സ്വസ്ഥത നഷ്ടപ്പെടുന്നതുപോലെ........" അറിയാതെതന്നെ അവരുടെ കൺകോണുകളിൽ കുറ്റബോധത്തിൻെറ കണ്ണീർ കണങ്ങൾ നിറഞ്ഞതു ഞാൻ കണ്ടു. വാത്സല്യത്തോടെ അവരെ ആ തിന്മയിൽ നിന്നും രക്ഷപെടുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഞാൻ പറഞ്ഞുവിട്ടു. പക്ഷെ, ഇതുപോലുള്ള മറ്റു കുട്ടികളുടെ കാര്യമോ.

നമ്മുടെ നാട്ടിൽ ടെലിവിഷനും വീഡിയോയും സാധാരണമായിക്കഴിഞ്ഞു. ഇന്ന് ടെറസ്സുകളിൽ നിറയെ ആൻറിനകളാണ്. കഥയും കവിതയും പറഞ്ഞു കൊടുത്തിരുന്ന വല്യപ്പച്ചന്മാരുടേയും വല്യമ്മച്ചിമാരുടേയും സ്ഥാനം ഇന്ന് സിനിമയും ടി. വി. യും കഥപുസ്തകങ്ങളും കൈയ്യടക്കിയിരിക്കുന്നു. അതിൻെറ ഫലമായി സിനിമാതാരങ്ങളെ ഹീറോയായിക്കണ്ട് അവരെ അനുകരിക്കുന്നു. 'എൻെറ സൂര്യപുത്രിക്ക്' എന്ന സിനിമയുടെ സ്വാധീനത്തിൽ ഹോസ്റ്റലിൽ നിന്ന് ഒളിച്ചുപോയ മൂന്നു പെൺകുട്ടികളുടെ കഥ കേരളീയർ മറന്നിട്ടില്ല. സമ്പർക്കമാധ്യമങ്ങളുടെ സ്വാധീനം ജീവിത ശൈലിയേയും സംസ്ക്കാരത്തേയും



www.malankaralibrary.com

മൂല്യങ്ങളേയും മാറ്റി മറിക്കാൻ തുടങ്ങിയിരിക്കുന്നു. അർത്ഥമറിയാതെ ശക്തമായ താളമേളങ്ങളിൽ എല്ലാം മറന്നു പാടിയാടുന്ന കുഞ്ഞുങ്ങൾ, നാളെ താളം തെറ്റിയവരായെന്നുവരാം. വിമർശന ബുദ്ധിയോടെ, ആരോഗ്യകരമായ കാഴ്ചപ്പാടിൽ മാധ്യമങ്ങളെ നോക്കിക്കാണുവാൻ കുട്ടികൾക്കുവേണ്ട പരിശീലനം നൽകേണ്ടത് ഇന്നിന്റെ ആവശ്യമായിരിക്കുന്നു. അതുകൊണ്ടു കെ. സി. എസ്. എൽ ഈ വർഷം "മാധ്യമ ജാഗ്രതാ" വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

അർണോൾഡ് ടോയിൻബി എന്ന ഇംഗ്ലീഷ് ചരിത്രകാരൻ അദ്ദേഹത്തിന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ പറയുന്നു, "ഉയർന്ന ഭൗതിക പുരോഗതി കൈവരിയ്ക്കുമ്പോൾ താഴ്ന്ന ആത്മീയ നിലവാരമാണ് മനുഷ്യനിൽ കണ്ടിരിക്കുന്നത്." പുരോഗതിയുടെ ഫലമായി ജീവിത സൗകര്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് മനുഷ്യന് സുഖം കൂടുന്നതിനു പകരം , ഭയവും ഉൽക്കണ്ഠയും അസന്തുഷ്ടിയുമാണ് വളർന്നുവരുന്നത് . ഇതിന്റെ കാരണം അവൻ അവശ്യം മുറുകെ പിടിക്കേണ്ട മൂല്യങ്ങൾ അവന് കൈമോശം വന്നിരിക്കുന്നുവെന്നുള്ളതാണ്.

എന്താണ് മൂല്യം ? മൂല്യമെന്നാൽ വിലയുള്ളത് എന്നർത്ഥം. പൊതുവായി പറഞ്ഞാൽ മനുഷ്യന് ആകർഷണീയവും അഭിലഷണീയവും ജീവിതത്തിൽ ആദരവും അർത്ഥവും നൽകുന്നതിനെ മൂല്യമെന്നു പറയാം. മൂല്യസങ്കല്പത്തിലെ വ്യതിയാനമനുസരിച്ച് അവന്റെ കാഴ്ചപ്പാടും പ്രവർത്തനങ്ങളും ജീവിത ശൈലിയും വ്യത്യാസപ്പെടുന്നു. മൂല്യ വ്യവസ്ഥിതിയുടെ സൃഷ്ടിയിൽ നിർണ്ണായകമായ പങ്ക് മതങ്ങൾ എന്നും നിർവ്വഹിക്കുന്നുണ്ട്. എന്നാൽ മതാത്മക മൂല്യങ്ങളെ മാധ്യമങ്ങൾ ശോഷിപ്പിക്കുന്ന അവസ്ഥവന്നാൽ മനുഷ്യന്റെ ജീവിത നാശത്തിലേയ്ക്കും ധാർമ്മിക അധഃപതനത്തിലേയ്ക്കും അത് വഴിതെളിക്കും.

മനുഷ്യന്റെ സംസ്ക്കാരത്തെയും മൂല്യബോധത്തെയും സ്വാധീനിക്കുവാൻ മാധ്യമങ്ങൾക്കു മാസ്മരശക്തിയാണുള്ളത്. അതുകൊണ്ട് സഭയിന്ന് മാധ്യമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടിരി



www.malankaralibrary.com

ക്കുന്നു. മാധ്യമങ്ങളെക്കുറിച്ച് മലയാളത്തിൽ പുസ്തകങ്ങൾ വളരെ വിരളമാണ്. ഈ കാലഘട്ടത്തിൽ കെ. സി. എസ്. എൽ. ഈ വിഷയത്തിൽ ഒരു പുസ്തകം ഇറക്കുന്നതിൽ അഭിമാനം കൊള്ളുന്നു.

'ക്രൈസ്തവ മൂല്യങ്ങളും മാധ്യമങ്ങളും' എന്ന ഈ ഗ്രന്ഥം സംഘടനയുടെ 35-ാമത്തെ പ്രസിദ്ധീകരണമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ കെ. സി. എസ്. എൽ മുൻ ഡയറക്ടറും കമ്മ്യൂണിക്കേഷൻ മീഡിയാ ഡയറക്ടറുമായ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരിയും, അതിരൂപതാ കെ. സി. എസ്. എൽ. പ്രസിഡൻറും ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂൾ അദ്ധ്യാപകനുമായ ശ്രീ. കുര്യച്ചൻ പി. എ. പുതുക്കാട്ടിലും കൂടി ചേർന്നാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രസിദ്ധീകരിക്കുന്നതിനായി അതിരൂപതാ ഡയറക്ടർ ഫാ. ബിജി കോയിപ്പള്ളിയും ബ്ര. സിറിയക്ക് വലിയകുന്നുംപുറവും ബ്ര. മഞ്ജിത്തും പരിശ്രമിച്ചു.

പീഠിക എഴുതിയിരിക്കുന്നത് കെ.സി. ബി. സി. മാധ്യമകമ്മീഷൻ സെക്രട്ടറി ഫാ. ജോസ് പ്ലാച്ചിക്കലാണ്. കെ സി എസ് എൽ - ൻെറ ഈ വർഷത്തെ പഠനക്കളരിയ്ക്കുവേണ്ടിയുള്ള ഈ പുസ്തകത്തെ അണിയിച്ചൊരുക്കിയ എല്ലാവരേയും സംഘടനയുടെ നാമത്തിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. മാധ്യമങ്ങളെ അർഹമായ രീതിയിൽ ഉപയോഗപ്പെടുത്തി മൂല്യബോധമുള്ളവരായി വളരാൻ ഈ ചെറുഗ്രന്ഥം നിങ്ങളെ സഹായിക്കട്ടെ.

ഫാ. ജോസ് തറപ്പേൽ
ജനറൽ ഡയറക്ടർ



www.malankaralibrary.com

# പീഠിക

മാധ്യമങ്ങളുടെ ശക്തിയെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചും എന്നും സഭ ബോധവതിയായിരുന്നു. ഇവയെ സുവിശേഷപ്രഘോഷണത്തിന് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നായിരുന്നു സഭയുടെ ചിന്ത. അച്ചടിയുഗത്തിൽ നിന്ന് ഇലക്ട്രോണിക് മാധ്യമങ്ങളുടെ യുഗത്തിലേക്കുള്ള ചാട്ടത്തിലെ ഒരു നാഴികക്കല്ലായിരുന്നു റേഡിയോയുടെ കണ്ടുപിടിത്തം. റേഡിയോ കണ്ടുപിടിച്ച മാർക്കോണിയെക്കൊണ്ടുതന്നെ വത്തിക്കാനിൽ ഒരു റേഡിയോ നിലയം തുടങ്ങിക്കാൻ 1931-ൽ 11-ാം പീയൂസ് മാർപ്പാപ്പാ തീരുമാനമെടുത്തു എന്നു പറയുമ്പോൾ കാലത്തിൻെറ ചുവരെഴുത്തുകൾ മനസ്സിലാക്കി എത്ര ദീർഘവീക്ഷണത്തോടെയാണ് സഭ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാം. അന്നു തുടങ്ങിവച്ച വത്തിക്കാൻ റേഡിയോ നിലയം ഇന്നും ലോകത്തിലെ ഏറ്റവും ശക്തികൂടിയ റേഡിയോ നിലയമായി 34 ഭാഷകളിൽ പ്രക്ഷേപണം ചെയ്തുകൊണ്ട് നിലകൊള്ളുന്നു.

കാലാകാലങ്ങളിൽ മാധ്യമങ്ങളെ സുവിശേഷപ്രഘോഷണത്തിന് ഉപയോഗിക്കേണ്ടതിനെക്കുറിച്ചും മാധ്യമങ്ങളെ വിമർശനബുദ്ധിയോടെ വീക്ഷിക്കേണ്ടതിനെക്കുറിച്ചും സഭാതനയരെ പഠിപ്പിക്കാനും സഭ ശ്രദ്ധവച്ചിട്ടുണ്ട്. അതിൻെറ ഫലമായിട്ടാണ് ഇവയെക്കുറിച്ച് സഭ പല പ്രബോധനങ്ങളും ഇറക്കിയിട്ടുള്ളത്.

അച്ചടിമാധ്യമങ്ങളെക്കുറിച്ചും സിനിമയെക്കുറിച്ചും പല അവസരങ്ങളിലായി സഭ മാർഗ്ഗനിർദ്ദേശങ്ങളും പ്രബോധനങ്ങളും നല്കിയി



www.malankaralibrary.com

ട്ടുണ്ടെങ്കിലും പ്രധാനമായും മൂന്ന് പ്രബോധനരേഖകളാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. 'സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ' (Inter Mirifica - 1963 ) 'ഐക്യവും പുരോഗതിയും' (Communio et Progressio - 1971) 'പുതുയുഗ പുലരിയിൽ' (Aetatis Novae - 1992) എന്നിവയാണ് അവ.

ആദ്യത്തെ രേഖയായ 'ഇന്തർ മിറിഫിക്ക' വത്തിക്കാൻ സൂനഹദോസിൽ പാസ്സാക്കപ്പെട്ട ഒരു ഡിക്രിയാണ്. ആദ്യമായാണ് ഒരു സാർവ്വത്രിക് സൂനഹദോസിൽ ഇത്തരമൊരു വിഷയം കൈകാര്യം ചെയ്യപ്പെടുന്നതും അതിൻെറ ഫലമായി ഒരു ഡിക്രി പ്രസിദ്ധീകരിക്കപ്പെടുന്നതും. മാധ്യമങ്ങൾ സുവിശേഷ പ്രഘോഷണത്തിന് എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കാം, മാധ്യമരംഗത്തു പ്രവർത്തിക്കുന്നവർ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, സഭ സ്വീകരിക്കേണ്ട നയങ്ങൾ എന്നിവയെപ്പറ്റിയാണ് 24 ഖണ്ഡികകളുള്ള ഈ ഹ്രസ്വരേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കുക. അല്മായർക്ക് മാധ്യമരംഗത്തു പ്രവർത്തിക്കാൻ വേണ്ട സാങ്കേതികവും സൈദ്ധാന്തികവും, ധാർമ്മികവുമായ പരിശീലനം നൽകുക, ദേശീയ അന്തർദ്ദേശീയ സംഘടനകൾ സ്ഥാപിക്കുക തുടങ്ങിയ പ്രായോഗിക നിർദ്ദേശങ്ങളും വയ്ക്കാൻ ഈ രേഖ മറന്നില്ല.

മാധ്യമങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കാൻ വർഷത്തിലൊരു ദിവസം ആഗോളസമ്പർക്കമാധ്യമദിനമായി ആചരിക്കാൻ നിർദ്ദേശം വച്ചതും ഈ ഡിക്രിയിലൂടെയാണ്. നവംബർമാസത്തിലെ രണ്ടാം ഞായറാണ് കേരളത്തിൽ മാദ്യമദിനമായി ആചരിക്ക

വത്തിക്കാൻ കൗൺസിലിലെ ഈ ഡിക്രിക്ക് വേണ്ടത്ര പൂർണ്ണത കൈവന്നിട്ടില്ലെന്ന ചിന്ത മാധ്യമങ്ങളെക്കുറിച്ചുള്ള ഒരു സമഗ്ര രേഖ തയ്യാറാക്കണമെന്ന നിർദ്ദേശം വയ്ക്കാൻ കൗൺസിൽ പിതാക്കന്മാരെ പ്രേരിപ്പിച്ചു. ഇതിനായി അവർ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്കു വേണ്ടി ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. കൗൺസിലിൻെറ നിർദ്ദേശാനുസരണം ഈ കമ്മീഷൻ തയ്യാറാക്കിയതാണ് 'ഐക്യവും പുരോഗതിയും (Communio et Progressio - 1971) എന്ന രേഖ ആശയവിനിമയത്തിൻെറ ദൈവ ശാസ്ത്രവും, സമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ഇഴചേർന്ന ഈ രേഖ വിഷയത്തെക്കുറി



www.malankaralibrary.com

ച്ചുള്ള ഏറ്റവും സമഗ്രമായ ഒരു കാഴ്ചപ്പാടാണു നൽകുന്നത്.

ആശയവിനിമയത്തിൻെറ ആത്യന്തികമായ ലക്ഷ്യം മനുഷ്യ സമൂഹത്തെ ഐക്യത്തിലേക്കും പുരോഗതിയിലേക്കും നയിക്കുക എന്നതായിരിക്കണമെന്ന് ഈ രേഖ വിശദമാക്കുന്നു. ഏറ്റവും നല്ല ആശയവിനിമയ വിദഗ്ധനായി യേശുവിനെ ഇതിൽ ചൂണ്ടിക്കാണിക്കുന്നു. (No.11). വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെട്ടുവെന്നതാണ് യേശുവിൻെറ ആശയവിനിമയത്തിൻെറ സവിശേഷത.

ആശയവിനിമയത്തിനുപയോഗിക്കേണ്ട പ്രബോധനതത്ത്വങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും അതിനു സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട് ഈ രേഖയിൽ. അനുഭോക്താക്കളുടെ പ്രതീക്ഷകൾ, അവരുടെ അവകാശങ്ങൾ, കടമകൾ എന്നിവയെക്കുറിച്ച് ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

സമ്പർക്ക മാധ്യമങ്ങളുടെ ത്രിവിധ ധർമ്മങ്ങളെക്കുറിച്ച് ഈ രേഖയിൽ പ്രതിപാദിക്കുന്നത് ഇങ്ങനെയാണ്: ഒന്ന്, ആധുനിക ലോകത്തിന് തന്നെത്തന്നെ വെളിപ്പെടുത്താൻ സഭയെ സഹായിക്കുന്നു. രണ്ട്, സഭയ്ക്കുള്ളിൽ തന്നെയുള്ള സംവാദത്തെ സഹായിക്കുന്നു. മൂന്ന്, സമകാലീന ലോകത്തിൻെറ അഭിപ്രായങ്ങളും മനോഭാവങ്ങളും സഭയ്ക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു.

മാധ്യമങ്ങൾ നൽകുന്ന സാധ്യതകളെക്കുറിച്ചും പരിശീലനത്തിൻെറ ആവശ്യകതയെക്കുറിച്ചും ഈ രേഖയും ഉദ്ബോധിപ്പിക്കുന്നു. മാധ്യമങ്ങളിലൂടെ വരുന്ന പരിപാടികളെ അപഗ്രഥിക്കാനുള്ള പരിശീലനം കുട്ടികൾക്കു പടിപടിയായി സ്കൂളിൽ നല്കണം. അങ്ങനെ മാത്രമേ കുട്ടികളിൽ നിരൂപണാഭിരുചി വളർത്തിയെടുക്കാൻ കഴിയൂ. അധ്യാപകരും മാതാപിതാക്കളും ഇതിനായി പരിശീലനം നേടേണ്ടിയിരിക്കുന്നു.

'ഐക്യവും പുരോഗതിയും' പ്രസിദ്ധീകൃതമായതിൻെറ 20-ാം വാർഷികത്തിൽ വെളിച്ചം കണ്ടതാണ് 'പുതുയുഗ പുലരിയിൽ' (Aetatis Novae) എന്ന രേഖ. പിന്നിട്ട 20 വർഷക്കാലം 'ഐക്യവും പുരോഗതിയും' നിർദ്ദേശിച്ച കാര്യങ്ങൾ എത്രമാത്രം പ്രായോഗികമാക്കിയെന്നു



www.malankaralibrary.com

പഠിക്കാനും, ഈ കാലഘട്ടത്തിൽ മാധ്യമരംഗത്ത് ഉണ്ടായ സാങ്കേതിക നേട്ടങ്ങളുടെ വെളിച്ചത്തിൽ മൂന്നാം സഹസ്രാബ്ദത്തിലേക്ക് കാലെടുത്തുകുത്തുന്ന സഭ എന്തെല്ലാം ചെയ്യണമെന്നുമാണ് പൊന്തിഫിക്കൽ കമ്മീഷൻ പ്രസിദ്ധീകരിച്ച ഈ രേഖയിൽ പറയുന്നത്.

ഓരോ രൂപതയ്ക്കും അതിൻെറ അജപാലനപദ്ധതി (Pastoral Plan) നടപ്പിലാക്കാൻ സമ്പർക്കമാധ്യമങ്ങൾ അത്യന്താപേക്ഷിതമായതിനാൽ അജപാലനപദ്ധതി തയ്യാറാക്കുമ്പോൾ മാധ്യമഘടകത്തെ അതിൻെറ അവിഭാജ്യ ഭാഗമാക്കി മാറ്റണം. കമ്പ്യൂട്ടർ യുഗത്തിൻെറമുഴുവൻ സാധ്യതകളും മനുഷ്യ വംശത്തിൻെറ ഉപകാരത്തിനും ലോകത്തെ സംബന്ധിച്ച ദൈവത്തിൻെറ പദ്ധതിയുടെ പൂർത്തീകരണത്തിനുമായി സർഗ്ഗാത്മകമാം വിധം ഉപയോഗപ്പെടുത്തണം. ഒട്ടേറെ പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ ഒരു അനുബന്ധം ഈ രേഖയ്ക്കുണ്ടെന്നുള്ളത് ഇതിൻെറ സവിശേഷതയാണ്.

സമ്പർക്ക മാധ്യമങ്ങളാൽ വളരെയേറെ സ്വാധീനിക്കപ്പെട്ടിട്ടുള്ള ഇന്നത്തെ ലോകത്തിൽ അറിവുപകരുന്ന നവീന സാങ്കേതിക വിദ്യകളും സമ്പർക്ക മാധ്യമങ്ങളും വ്യക്തികളുടേയും സമൂഹങ്ങളുടേയും മേൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി സഭാതനയർക്ക് ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടായിരിക്കണമെന്ന് ഈ രേഖ നിഷ്കർഷിക്കുന്നു. മാധ്യമ സംബന്ധമായ വിദ്യാഭ്യാസത്തിനും മാധ്യമ സാക്ഷരതയ്ക്കുമായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി പരിപാടികൾ സംഘടിപ്പിക്കണമെന്ന പ്രായോഗിക നിർദ്ദേശവും ഈ രേഖ മുമ്പോട്ടു വയ്ക്കുന്നു.

**ഫാ. ജോസ് പ്ലാച്ചിക്കൽ**
മാധ്യമകമ്മീഷൻ സെക്രട്ടറി. കെ. സി. ബി. സി.



www.malankaralibrary.com

# 1

# മാധ്യമം

ആധുനിക ലോകം മാധ്യമങ്ങളുടെ ലോകമാണ്. ഇന്ന് മാധ്യമ രംഗത്ത് വമ്പിച്ച കുതിച്ചുകയറ്റം നാം കാണുന്നു. പത്രം, റേഡിയോ, ടി. വി. , സിനിമ, മുതലായ മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ എന്താണ് 'മാധ്യമം' എന്നും വിവിധ തരത്തിലുള്ള മാധ്യമങ്ങൾ ഏവയെന്നും നമുക്കു പരിശോധിക്കാം.

മാധ്യമം എന്താണെന്ന് അറിയണമെങ്കിൽ ആശയവിനിമയ (കമ്മ്യൂണിക്കേഷൻ) പ്രക്രിയ എന്താണെന്ന് നാം മനസ്സിലാക്കണം. ആശയ വിനിമയ പ്രക്രിയയിലെ ഒരു അവശ്യഘടകമാണ് മാധ്യമം.

ആശയ വിനിമയ പ്രക്രിയയിൽ അഞ്ചു പ്രധാനപ്പെട്ട ഘടകങ്ങളാണ് ഉള്ളത്. 1. ദാതാവ്, അതായത് സന്ദേശം അയയ്ക്കുന്ന ആൾ, 2. ഗ്രഹീതാവ് സന്ദേശം സ്വീകരിക്കുന്ന ആൾ. 3. സന്ദേശം - ദാതാവ് ഗ്രഹീതാവിലേക്ക് കൈമാറുന്ന ആശയമാണ് സന്ദേശം 4. മാധ്യമം (മീഡിയ; ചാനൽ) മാധ്യമം കൂടാതെ സന്ദേശം സ്വയം സഞ്ചരിക്കുകയില്ല. ദാതാവിൽ നിന്നും ഗ്രഹീതാവിലേയ്ക്ക് സന്ദേശം അയയ്ക്കുന്നതിന് അവലംബിക്കുന്ന ഉപാധിയെ മാധ്യമം എന്നു പറയുന്നു. Medium



www.malankaralibrary.com




മാധ്യമം) എന്ന പദം ഏക വചനവും Media എന്നത് ബഹുവചനവുമാണ്. 5. പ്രതികരണം (Feed back) ആശയ വിനിമയം അതിൻെറ പൂർണ്ണനിലയിൽ എത്തണമെങ്കിൽ പ്രതികരണം (Feed back) ആവശ്യമാണ്. പ്രതികരണത്തിലൂടെ ദാതാവും ഗ്രഹീതാവും തമ്മിലുള്ള ആശയവിനിമയം ശക്തമാകുന്നു.

## ആശയ വിനിമയ പ്രക്രിയയ്ക്ക് നാലു തലങ്ങളുണ്ട്.

### 1. വ്യക്തിയിൽതന്നെ നടക്കുന്ന ആശയ വിനിമയം

### (Intra-Personal Communication)

ഒരാളുടെ ഉള്ളിൽ തന്നെ നടക്കുന്ന ആശയ വിനിമയമാണിത്. നാം ചിന്തിക്കുകയും ധ്യാനിക്കുകയും വികാരം കൊള്ളുകയും ചെയ്യുമ്പോൾ



www.malankaralibrary.com

നമ്മുടെ ഉള്ളിൽ തന്നെ ആശയങ്ങൾ ഉടലെടുക്കുകയായി. ചില പ്രത്യേക സന്ദർഭങ്ങളിൽ നമ്മുടെ ഉള്ളിൽ തന്നെ ഉടലെടുക്കുന്ന രണ്ടു വ്യത്യസ്ത ആശയങ്ങൾ പരസ്പരം ഏറ്റുമുട്ടുന്നതായി അനുഭവപ്പെടാറുണ്ട്. ഉദാഹരണമായി ചില പ്രവൃത്തികൾ നാം ചെയ്യാൻ ആഗ്രഹിക്കുമ്പോൾ അതു ചെയ്യരുതെന്ന ശക്തമായ പ്രേരണയും ഉടലെടുക്കാം. ഈ രണ്ടു വിരുദ്ധ ആശയങ്ങൾ സംഘർഷത്തിൽ ഏർപ്പെടുകയും നാം ഒരു തീരുമാനത്തിൽ എത്തിച്ചേരുകയുമായിരിക്കും ചെയ്യുക.

## 2. വ്യക്തിയും വ്യക്തിയും തമ്മിലുള്ള ആശയവിനിമയം

## (Inter - personal Communication)

ഒരു വ്യക്തി വ്യക്തിയോടോ, വ്യക്തികളോടോ ആശയവിനിമയം നടത്തുന്നതാണിത്. നാം മറ്റൊരാളോട് സംസാരിക്കുകയും അവർ അതുൾക്കൊണ്ട് പ്രതികരിക്കുകയും ചെയ്യുന്ന തരത്തിലുള്ള ആശയവിനിമയമാണിത്. ഇവിടെ സംഭാഷണത്തിൽ ഏർപ്പെടുന്ന വ്യക്തികൾ തമ്മിൽ ആഴത്തിലുള്ള ബന്ധം ഉണ്ടായിരിക്കും. കെട്ടുറപ്പുള്ള സമൂഹത്തിൽ ഇത്തരം ആശയവിനിമയം ധാരാളമായി നടക്കണം. ക്ലാസ്സ് മുറിയിലേയും, വിദ്യാലയത്തിലേയും ജീവിതം സാർത്ഥകമാകാൻ ഈ ആശയവിനിമയം അനിവാര്യമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

## 3. സമൂഹത്തിൽ നടക്കുന്ന ആശയ വിനിമയം

## ( Group Communication)

സമൂഹത്തിൽ മുഖത്തോടുമുഖമായി നടത്തുന്ന ആശയ വിനിമയമാണിത്. ക്ലാസ്സ് മുറികളിലും, ചർച്ചായോഗങ്ങളിലുമൊക്കെ ഇത്തരത്തിലുള്ള ആശയവിനിമയമാണ് നടക്കാറുള്ളത്. ചെലവു കുറഞ്ഞ മാധ്യമങ്ങൾ (lowcost Media) ഉപയോഗിച്ചുകൊണ്ട് ഈ ആശയവിനിമയം ശക്തമാക്കാം.

## 4. ബഹുജന ആശയവിനിമയം (Mass Communication)

ആധുനിക ശാസ്ത്രീയ മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ട് ബഹു



www.malankaralibrary.com

ജനങ്ങളോട് അല്ലെങ്കിൽ അനേകായിരത്തോടു നടത്തുന്ന ആശയ വിനിമയമാണിത്. ഇത്തരം ആശയ വിനിമയ പ്രക്രിയയുടെ പരിധി ശാസ്ത്രത്തിൻെറ വളർച്ചയനുസരിച്ച് വലുതായിക്കൊണ്ടിരിക്കും. ബഹുജന ആശയ വിനിമയം നടത്തുന്നതിനുപയോഗിക്കുന്ന ബഹുജന മാധ്യമങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പത്രം, റേഡിയോ, ടെലിവിഷൻ, സിനിമ എന്നിവയെക്കുറിച്ച് അടുത്തു വരുന്ന അദ്ധ്യായങ്ങളിൽ നമുക്ക് വിശദമായി പഠിക്കാം.



www.malankaralibrary.com

# 2

# ബഹുജന മാധ്യമങ്ങൾ

ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിലയിൽ മാധ്യമങ്ങൾ എണ്ണമറ്റവയാണ്. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും , സമൂഹവും സമൂഹവും തമ്മിലും ആശയ വിനിമയം സാധ്യമാണല്ലോ? ആദ്യ കാലഘട്ടങ്ങളിൽ വായ്മൊഴിയായും എഴുത്തോലകൾ, സന്ദേശവാഹകർ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുമാണ് വ്യക്തികൾ ആശയവിനിമയം നടത്തിവന്നിരുന്നത്. പില്ക്കാലത്ത് ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കൈവരിച്ച അത്ഭുതാവഹങ്ങളായ നേട്ടങ്ങൾ ആശയവിനിമയത്തെ അനായാസമാക്കിത്തീർത്തു. ഭൂഗോളത്തിന്റെ മറുവശത്ത് സ്ഥിതിചെയ്യുന്ന ആളുമായി സംസാരിക്കണമെന്നാഗ്രഹിക്കുന്ന വ്യക്തിക്ക് നിമിഷങ്ങൾക്കുള്ളിൽ അതു സാധിക്കുന്നു. മാത്രമല്ല നേരിൽക്കണ്ട് സംസാരിക്കാൻ കഴിയും വിധം നമ്മുടെ ശാസ്ത്ര പരിജ്ഞാനം വളർന്നിരിക്കുന്നു.

ടെലിവിഷൻ, റേഡിയോ, തുടങ്ങിയ മാധ്യമങ്ങളിലൂടെ സന്ദേശം ലോക ജനതയ്ക്ക് മുഴുവൻ ഒരേ സമയം പകർന്നു നൽകാൻ കഴിയുന്നു. പത്രമാധ്യമങ്ങളും ചെയ്യുന്നത് മറ്റൊന്നല്ല. ഇങ്ങനെ മാധ്യമങ്ങളുടെ പട്ടിക വലുതായിക്കൊണ്ടിരിക്കുമ്പോൾ അവയിൽ ഏതൊക്കെയാ



www.malankaralibrary.com

ണ് ബഹുജന മാധ്യമങ്ങൾ എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ബഹുജന ആശയ വിനിമയം നടത്തുന്നതിന് ഉപയോഗിക്കുന്ന ശാസ്ത്രീയമായ മാധ്യമങ്ങളെ ബഹുജന മാധ്യമങ്ങൾ എന്നുപറയുന്നു.

ബഹുജനങ്ങളുടെ ആശയാഭിലാഷങ്ങൾ അറിഞ്ഞ് അവയ്ക്കനുസൃതമായ തരത്തിൽ സന്ദേശങ്ങൾ അയയ്ക്കാൻ സാധിക്കണം.

അപ്പോൾ ബഹുജന മാധ്യമങ്ങൾക്ക് ചില അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കണം എന്നു വ്യക്തം. ബഹുജനങ്ങളുടെ ആശയാഭിലാഷങ്ങൾ അറിഞ്ഞ് അവതരിപ്പിക്കാൻ കഴിയണം. പത്രധർമ്മം എന്തെന്നു പരാമർശിച്ചവരെല്ലാം ചൂണ്ടിക്കാട്ടിയ കാര്യമാണിത്. ആകാശവാണിയും ദൂരദർശനും വിഭാവനം ചെയ്യുന്നതും മറ്റൊന്നല്ല. അത്തരം സന്ദേശങ്ങൾ സ്വീകരിച്ച് സ്വജീവിതം ധന്യമാക്കാനുള്ള കഴിവ് ബഹുജനങ്ങൾക്കുണ്ടാകുകയും വേണം. കേവലം ന്യൂനപക്ഷങ്ങൾക്കുമാത്രം സ്വീകരിക്കാൻ കഴിയും വിധം പരിമിതമായ പ്രചാരമേ ഒരു മാധ്യമത്തിനുള്ളൂ എങ്കിൽ അതിനെ ബഹുജന മാധ്യമം എന്നു വിളിക്കാൻ സാധിക്കുകയില്ല.

ബഹുജന മാധ്യമങ്ങൾ രണ്ടുതരത്തിലുണ്ട്.

## 1. അച്ചടി മാധ്യമം (Print Media)

സന്ദേശങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതാണ് അച്ചടിമാധ്യമം പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ,നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവയെല്ലാം അച്ചടി മാധ്യമത്തിന്റെ പരിധിയിൽ വരുന്നു. ഈ മേഖല ഇന്ന് കംപ്യൂട്ടറിന്റെയും ലേസർ പ്രിൻററിന്റേയും ഒക്കെ സഹായം തേടി കൂടുതൽ ആകർഷകവും കാര്യക്ഷമതയും കൈവരിച്ചുവരികയാണ്.



www.malankaralibrary.com

# 2. ഇലക്ട്രോണിക് മാധ്യമം

ഇലക്ട്രോണിക് യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്ന ആശയവിനിമയമാണിത്. ടെലിഫോൺ, ഫാക്സ്, റേഡിയോ, ടെലിവിഷൻ, ടേപ്പ് റിക്കോർഡർ, തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ വരുന്നവയാണ്. ശാസ്ത്ര സാങ്കേതിക തലങ്ങളിൽ അനുദിനം നടക്കുന്ന പരീക്ഷണങ്ങളിലൂടെ ഇലക്ട്രോണിക് രംഗത്ത് നാം കുതിച്ചുകയറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹിരാകാശത്ത് ഉപഗ്രഹങ്ങൾ എത്തിച്ച് അതിലൂടെ ഭൂമിയിലെ ആശയ വിനിമയം നടത്തുന്ന നമ്മുടെ സംരംഭങ്ങൾ അത്യന്തം ആകർഷകങ്ങളാണ്.ടെലിഫോൺ വിളിക്കുന്ന നാം അന്യരാജ്യങ്ങളുമായി ബന്ധപ്പെടുമ്പോൾ അതിനിടയ്ക്ക് ഉപഗ്രഹത്തിൻെറ സഹായമുണ്ടെന്നകാര്യം ഓർമ്മിക്കുകപോലുമില്ല.

ഈ അദ്ധ്യായത്തിൻെറ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ വ്യക്തികൾ തമ്മിലുള്ള ആശയ വിനിമയം ലക്ഷ്യമാക്കിയാണ് മാധ്യമങ്ങൾ ഉടലെടുക്കുന്നത്. അവിടെതുടങ്ങിയ മാധ്യമങ്ങളുടെ വികാസ ചരിത്രത്തിൻെറ ആകെത്തുക ഒറ്റവാക്കിലൊതുക്കാവുന്നതാണ്. വ്യക്തിഗത മാധ്യമങ്ങൾ ബഹുജന മാധ്യമങ്ങളായി വളർന്നു. മാധ്യമ ചരിത്രത്തിലെ ചില നാഴികക്കല്ലുകളെ ഹ്രസ്വമായൊന്നു മനസ്സിലാക്കാം.

പ്രാകൃത മനുഷ്യൻ ആശയവിനിമയത്തിനുപയോഗിച്ചിരുന്ന സ്വരങ്ങൾ, ശബ്ദങ്ങൾ എന്നിവ വാക്കുകളും വാചകങ്ങളുമായി വളർന്ന് രൂപംകൊണ്ട സംസാര ഭാഷയാണ് ആദ്യം പരാമർശിക്കേണ്ടത്.

വായ്മൊഴിയായി രൂപപ്പെട്ട ആശയങ്ങൾ ചിത്രങ്ങളായി , വരകളായി, അക്ഷരങ്ങളായി രൂപപ്പെട്ട് ലിഖിത ഭാഷയായി മാറിയപ്പോൾ പുരോഗതിയുടെ മറ്റൊരു ഘട്ടത്തിലെത്തി.

കയ്യെഴുത്തു പ്രതികൾ എന്ന നിലയിൽ നിന്ന് അച്ചടി വിദ്യയിലൂടെ നേടിയ വികാസം മാധ്യമരംഗത്ത് നടന്ന വലിയൊരു വിപ്ലവമായി മാറി. ഇവിടെ വ്യക്തിഗത മാധ്യമം ബഹുജനമാധ്യമമായി മാറുകയാ

www.malankaralibrary.com

ണ്. മണിക്കൂറുകൾക്കുമുമ്പു നടന്ന കാര്യങ്ങളും അവയുടെ ചിത്രങ്ങളും എല്ലാമടങ്ങുന്ന പത്രങ്ങൾ എല്ലാ മുക്കിലും മൂലയിലും എത്തിക്കാൻ കഴിയും വിധം അച്ചടി വിദ്യ വികാസം പ്രാപിച്ചു.

ഇതിനു സമാന്തരമായിത്തന്നെ റേഡിയോ, ടെലിവിഷൻ, എന്നീ ബഹുജന മാധ്യമങ്ങളും വളർന്നു വികാസം നേടി. കമ്പ്യൂട്ടറുകളും ഉപഗ്രഹങ്ങളും എല്ലാം ഈ മാധ്യമങ്ങളുടെ ആശയ വിനിമയ പ്രക്രിയകളിൽ ഭാഗഭാക്കുകളായിത്തീർന്നതോടെ മാധ്യമയുഗം ആരംഭിക്കുകയും ഒരു മാധ്യമസംസ്ക്കാരത്തിനു തിരശീല ഉയരുകയും ചെയ്തിരിക്കുന്നു.



www.malankaralibrary.com

# 3

# വർത്തമാനപത്രം

വർത്തമാനപത്രങ്ങളും പ്രസിദ്ധീകരണങ്ങളും എവിടെ? എന്ന് ? ആരംഭിച്ചു എന്നു പറയുക ക്ലേശകരമാണ്. പണ്ടുകാലങ്ങളിൽ തന്നെ രാജാക്കന്മാരും ഭരണാധിപന്മാരുമൊക്കെ സന്ദേശങ്ങൾ ബഹുജനങ്ങൾക്കെത്തിച്ചുകൊടുക്കാൻ വർത്തമാനപത്രങ്ങൾക്കു സദൃശമായ ഉപാധികൾ സ്വീകരിച്ചിരുന്നതായി കാണാൻ കഴിയും. ജൂലിയസ് സീസറിൻെറ കാലം മുതൽക്ക് ദിവസം തോറും റോമാ നഗരത്തിൻെറ ചില ഭാഗങ്ങളിൽ ഒട്ടിച്ചുവച്ച'ആക്റ്റാഡയാർണാ' എന്ന വർത്തമാന ബുള്ളറ്റിന് ആദ്യ വർത്തമാനപത്രം എന്ന ബഹുമതി നൽകാൻ പണ്ഡിതന്മാരിൽ ചിലർ തയ്യാറായിട്ടുണ്ട്. ഇത്തരം വാർത്താബുള്ളറ്റിനുകൾ പില്ക്കാലങ്ങളിലും പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്.

അച്ചടിവിദ്യയുടെ കണ്ടെത്തലും പ്രചാരവുമാണ് പത്രങ്ങളുടെ എണ്ണം കൂട്ടുന്നതിനു കാരണമായത്. കല്ലച്ചും,തടിയച്ചും ഉപയോഗിച്ചായിരുന്നു ആദ്യകാലഘട്ടങ്ങളിൽ അച്ചടിജോലി നിർവ്വഹിച്ചിരുന്നത്. ക്രസ്തുവർഷം 1450 ൽ യോഹൻഗുട്ടൻബർഗ് അക്ഷരങ്ങളുടെ ഇളക്കിമാറ്റാവുന്ന അച്ചുകൾ കണ്ടുപിടിച്ചതോടെ അച്ചടിമാധ്യമങ്ങളുടെ സാധ്യതകളുടെ അതിരുകൾ അതിവേഗം വളർന്നു. അടുത്ത അമ്പതു വർ



www.malankaralibrary.com

ഷങ്ങൾക്കുള്ളിൽ യൂറോപ്പിൽ മാത്രം 6000 ൽപ്പരം പുസ്തകങ്ങൾ അച്ചടിക്കപ്പെട്ടതായാണ് കണക്ക്.

ആദ്യം അച്ചടിച്ചു പ്രസിദ്ധീകരിച്ച വർത്തമാനപത്രം എന്ന ബഹുമതിയ്ക്കർഹമായത് ജർമ്മൻ ഭാഷയിലെ 'ഫ്രാങ്ക്ഫർച്ചർ സൈറ്റുംഗ്' ആണ് 1615ൽ ഇതിന്റെ പ്രസിദ്ധീകരണം ആരംഭിച്ചു.

പോർട്ടുഗീസ് മിഷനറിമാരാണ് ആദ്യമായി ഇൻഡ്യയിൽ ഒരു അച്ചടി ഉപകരണം കൊണ്ടുവന്നത്. പോർട്ടുഗീസിൽ നിന്ന് ഇന്നത്തെ എത്യോപ്യയായി (അന്ന് അബിസീനിയ) ലേയ്ക്ക് കൊണ്ടുപോകുകയായിരുന്നു ആ അച്ചടി ഉപകരണം. കൊണ്ടുപോയ മിഷനറിമാർക്ക് അസുഖം ബാധിച്ചതിനാൽ അത് മാർഗ്ഗമധ്യേ ഗോവായിൽ ഇറക്കി. അങ്ങനെ തികച്ചും സാന്ദർഭികമായി ഇൻഡ്യയിൽ ആദ്യത്തെ അച്ചടി ഉപകരണം 1956 ൽ സ്ഥാപിതമായി. ഈ ഉപകരണം ക്രിസ്ത്യൻ വേദോപദേശത്തിന്റെ പ്രചരണത്തിനാണ് ഉപയോഗിച്ചുവന്നത്.

ഇന്ത്യയിൽ ആദ്യമായി ഒരു പത്രം പ്രസിദ്ധീകരിക്കപ്പെട്ടത് 1780 ജനുവരി 29-ാം തീയതിയാണ് അതും ഇംഗ്ലീഷ് ഭാഷയിൽ. ജേംസ് അഗസ്റ്റസ് ഹിക്കിയുടെ ബംഗാൾഗസറ്റ് ആയിരുന്നു ആ പത്രം.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്തും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തും ഭാരതത്തിലെത്തിയ മിഷനറിമാർ സുവിശേഷവേല ത്വരിതപ്പെടുത്തുവാൻ വേണ്ടി ഇന്ത്യൻ ഭാഷകളുടെ വികാസത്തിനുവേണ്ടി പരിശ്രമിച്ചു. ഇൻഡ്യൻ ഭാഷകൾക്ക് വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും തയ്യാറാക്കി. മാത്രമല്ല ഇന്ത്യൻ ഭാഷാപത്രങ്ങൾക്ക് തുടക്കം കുറിച്ചതും അവരാണ്. അങ്ങനെ 1847 ജൂണിൽ മലയാളത്തിൽ 'രാജ്യ സമാചാരം' എന്ന പത്രം പ്രസിദ്ധീകരിച്ചു.

ആദ്യമലയാളം പത്രമായ 'രാജ്യസമാചാരം' ആരംഭിച്ചത് ബാസൽ മിഷനറിയായ ഹെർമ്മൻ ഗുണ്ടർട്ട് ആണ്. മാസികയായിട്ടായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം. തുടർന്ന് ധാരാളം മലയാളപത്രങ്ങൾ ആരംഭിക്കുകയുണ്ടായി 1887 ൽ ആരംഭിച്ച 'നസ്രാണി ദീപികയും' 1890 ൽ ആരംഭിച്ച 'മലയാള മനോരമ'യുമൊക്കെ എടുത്തു പറയേണ്ടവയാണ്.



www.malankaralibrary.com

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തോടെ മലയാള പത്രങ്ങളുടെ എണ്ണം വർദ്ധിക്കുകയും പ്രചാരം നേടുകയും ചെയ്തു. 1905 ൽ സ്വദേശാഭിമാനിയും 1911 ൽ കേരളകൗമുദിയും 1923 ൽ മാതൃഭൂമിയും പ്രസിദ്ധീകരണം ആരംഭിച്ചു. ഈ നൂറ്റാണ്ടിൻെറ മദ്ധ്യഘട്ടമായതോടെ രാഷ്ട്രീയപാർട്ടികൾ പത്രങ്ങൾ ചെലുത്തുന്ന സ്വാധീനവും മനസ്സിലാക്കി മുഖപത്രങ്ങൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. വീക്ഷണം, ചന്ദ്രിക, ദേശാഭിമാനി, ജനയുഗം, തുടങ്ങിയ പത്രങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്.

1992 ലെ കണക്കനുസരിച്ച് ഇൻഡ്യയിൽ 3,503 ദിനപത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. മയാളത്തിൽ 1993 കാലയളവിൽ 178 ദിനപത്രങ്ങളും 147 വാരികകളും 133 ദ്വൈവാരികകളും 575 മാസികകളും 741 ത്രൈമാസികകളും പ്രസിദ്ധീകരിച്ചിരുന്നു.

ബഹുജനങ്ങളെ സ്വാധീനിക്കുന്ന സുപ്രധാന മാദ്ധ്യമം എന്ന നിലയിൽ വർത്തമാനപത്രങ്ങൾ ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു എന്നാണിത് വ്യക്തമാക്കുന്നത്. ഒപ്പം ഒരു വലിയ തൊഴിൽ മേഖലകൂടിയാണിത്. ജില്ലകൾതോറും എഡിഷനുകൾ ആരംഭിക്കാൻ പരസ്പരം മത്സരിക്കുന്ന പത്രസ്ഥാപനങ്ങൾ ആയിരക്കണക്കിന് വ്യക്തികൾക്ക് തൊഴിൽ നൽകുന്നു. പത്രപ്രവർത്തന രംഗത്തെ തൊഴിൽ സാധ്യതകളും അവിടെ ആവശ്യമായ സിദ്ധഹസ്തതയുമൊക്കെ മുന്നിൽ കണ്ടുകൊണ്ടാണ്ജേർണലിസം കോഴ്സുകൾ സംഘടിപ്പിച്ച് പരിശീലനം നൽകാൻ യൂണിവേഴ്സിറ്റികളും ഇതര സമിതികളുമൊക്കെ താല്പര്യം കാട്ടുന്നത്. നിർഭയത്വവും, ദീർഘവീക്ഷണവും, ഭാഷാഭിരുചിയും, രചനാശേഷിയുമൊക്കെ ഈ രംഗത്തേയ്ക്കു കടന്നു ചെല്ലുന്നവർക്ക് അത്യന്താപക്ഷേിതമാണ്. ഈ രംഗങ്ങളിലുള്ള അഭിരുചികൾ നഷ്ടപ്പെടുത്താതെ വളർത്തിക്കൊണ്ടുവരാൻ വിദ്യാർത്ഥികൾ പരിശ്രമിക്കണം. ഏത് ജീവിത മേഖലകളിൽ വ്യാപരിച്ചാലും എഴുതുവാൻ ആർജ്ജിക്കുന്ന കഴിവ് നമ്മേ പ്രശസ്തരാക്കും എന്നുള്ളതിൻെറ പ്രത്യക്ഷോദാഹരണങ്ങളാണ്, ശ്രീ മലയാറ്റൂർ രാമകൃഷ്ണനും, ശ്രീ പുനത്തിൽ കുഞ്ഞബ്ദുള്ളയും . ശ്രീ മലയാറ്റൂർ രാമകൃഷ്ണൻ ഐ. എ.എസ്. കേഡറിലുള്ള ആളായിരുന്നെങ്കിലും എഴുത്തുകാരൻ

www.malankaralibrary.com

എന്ന നിലയിലാണ് അദ്ദേഹം പ്രശസ്തനായത്. ഡോക്ടർ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കാര്യത്തിലും ഇത് ശ്രദ്ധേയമാണ്.

പത്രങ്ങൾക്ക് സമൂഹത്തിലുള്ള ദൗത്യത്തെക്കുറിച്ചുകൂടി പരാമർശിക്കേണ്ടതുണ്ട്. വായനക്കാരനെ ശരിയായ വസ്തുതകൾ അറിയിക്കാനുള്ള ബാധ്യത പത്രങ്ങൾക്കുണ്ട്. പത്രങ്ങൾ വാർത്തകൾ അവതരിപ്പിക്കുമ്പോൾ അത് പ്രസിദ്ധീകരിക്കുന്ന മാനേജ്മെൻറിൻെറയും പത്രാധിപരുടെയും നയവും ആശയാഭിലാഷങ്ങളും അതിൽ കടന്നുകൂടുക തികച്ചും സ്വാഭാവികമാണ്. എന്നാൽ അങ്ങനെ കടന്നുകൂടുന്നവ രാജ്യപുരോഗതിയും മനുഷ്യരാശിയുടെ ഐശ്വര്യവും, ക്ഷേമവും ലക്ഷ്യമാക്കിയുള്ളവയായിരിക്കണം. അങ്ങനെയല്ലാത്തപക്ഷം പത്രങ്ങൾ വിപരീത ഫലങ്ങളായിരിക്കും പുറപ്പെടുവിക്കുക. വർഗ്ഗീയ സംഘട്ടനങ്ങളും സംഘർഷങ്ങളുമുണ്ടാകുമ്പോൾ അവ എത്രവേഗം പ്രചരിപ്പിക്കാൻ പത്രമാധ്യമങ്ങൾക്ക് കഴിയുന്നുണ്ടെന്നും, പത്രങ്ങൾ സംയമനവും വിവേകവും കാട്ടുമ്പോൾ ആ പ്രശ്നങ്ങളിൽ നിന്നും എത്രവേഗം മുക്തി നേടാൻ കഴിയുന്നുണ്ടെന്നും നമ്മുടെ പത്രങ്ങളിലൂടെ നോക്കിക്കാണാൻ സാധിക്കും. പത്രപ്രവർത്തന രംഗം കടുത്ത മത്സരവും വെല്ലുവിളിയും നേരിടുന്ന ഒരു മേഖലയാണ്. അതുകൊണ്ടുതന്നെ വായനക്കാരൻെറ ജിജ്ഞാസയെ ഉണർത്തുന്ന നിരവധി അംശങ്ങൾ ഉൾക്കൊള്ളിക്കാൻ സ്ഥാപനങ്ങൾ നിർബന്ധിതരായിത്തീരും. വ്യാവസായിക ലാഭം മാത്രം മുൻ നിർത്തി ഇറങ്ങുന്ന കുട്ടി പ്പത്രങ്ങളും സായാഹ്ന പത്രങ്ങളും വായനക്കാരൻെറ മുമ്പിൽ നിരത്തുന്ന പൊള്ളത്തരങ്ങൾ നിരവധിയാണെന്ന് കാണാൻ കഴിയും. തള്ളേണ്ടതു തള്ളാനും കൊള്ളേണ്ടതു കൊള്ളാനും വേണ്ട അറിവും പരിശീലനവും അനുവാചകരായ നാം നേടിയെടുക്കേണ്ടിയിരിക്കുന്നു.

- ആദ്യവർത്തമാനപത്രം - ഫ്രാങ്ക്ഫർട്ടർ സൈറ്റുംഗ് (1615)
- ആദ്യ ഇന്ത്യൻ പത്രം - ബംഗാൾ ഗസറ്റ് (1780)
- ആദ്യത്തെ ഇന്ത്യൻ ഭാഷാ പത്രം - ദിഗ്ദർശൻ (ബംഗാളി)
- ആദ്യമലയാളം പത്രം - രാജ്യസമാചാരം (1847)



www.malankaralibrary.com

# 4 റേഡിയോ

ബഹുജനമാധ്യമങ്ങളിൽ ഏറ്റം കൂടുതൽ പ്രചാരമുള്ളത് റേഡിയോയ്ക്കുതന്നെ. വലിയ ചെലവില്ലാതെ സാധാരണക്കാർക്കുപോലും ഉപയോഗിക്കാൻ കഴിയുന്നുവെന്നതാണ് റേഡിയോയുടെ സാർവജനീനതയ്ക്കു കാരണം. ആളുകൾക്ക് വിനോദവും വിജ്ഞാനവും ഇത്ര വേഗത്തിലും കാര്യക്ഷമമായും പകർന്നു നൽകാൻ കഴിയുന്ന മാധ്യമങ്ങൾ വേറെയില്ല. 1901ൽ മാർക്കോണി റേഡിയോ കണ്ടുപിടിച്ചു. എങ്കിലും ലോകത്തിലാദ്യം റേഡിയോ പ്രക്ഷേപണം ആരംഭിച്ചത് 1920ൽ ആണ്. ഇൻഡ്യയിൽ റേഡിയോ പ്രക്ഷേപണം തുടങ്ങിത് 1927 ൽ ആണ്. ബോംബെയിലും കൽക്കട്ടായിലും ഓരോ പ്രക്ഷേപണ കേന്ദ്രം ആരംഭിച്ചുകൊണ്ട് ഇൻഡ്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന സ്വകാര്യകമ്പനിയാണത് ആരംഭിച്ചത്. അധികം താമസിയാതെ കമ്പനി സാമ്പത്തിക ബാധ്യതകൊണ്ട് പ്രക്ഷേപണം നിർത്തിവച്ചു. അതിനകം റേഡിയോസെറ്റുവാങ്ങിയിരുന്ന പതിനായിരത്തിൽപരം ആളുകൾ ഗവൺമെൻറിനു പരാതി സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിലാണ് 1930 ൽ ഗവൺമെൻറ്, ഇൻഡ്യൻ ബ്രോഡ്കാസ്റ്റിംഗ് സർവ്വീസ് എന്ന പേരിൽ പ്രക്ഷേപണം പുനരാരംഭിച്ചത്.



www.malankaralibrary.com

ഇന്ത്യ സ്വതന്ത്രയാകുമ്പോൾ പതിനൊന്നു റേഡിയോ സ്റ്റേഷനുകൾ ഉണ്ടായിരുന്നു. തുടർന്ന് സ്റ്റേഷനുകളുടെ എണ്ണത്തിന്റെയും ഗുണമേന്മയുടേയും കാര്യത്തിൽ അത്ഭുതാവഹമായ കുതിച്ചുകയറ്റമാണ് നമ്മുടെ രാഷ്ട്രം നടത്തിയിരുന്നത്. എഫ്. എം. സ്റ്റേഷനുകൾ സ്ഥാപിച്ച് സ്റ്റീരിയോ സംവിധാനത്തിൽ പ്രക്ഷേപണം നടത്തുന്ന രീതിയ്ക്ക് ഇന്ന് ഏറെ മുൻഗണന കൈവന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ജനസംഖ്യയുടെ 95 ശതമാനവും ഭൂപ്രദേശത്തിന്റെ 86 ശതമാനത്തിലേറെയും റേഡിയോ പ്രക്ഷേപണ പരിധിയിൽ പെടുന്നു. ഓൾ ഇന്ത്യാ റേഡിയോയ്ക്ക് 149 സ്റ്റേഷനുകളുണ്ട്. പ്രാദേശിക തലത്തിൽ ഈ ബഹുജന മാധ്യമം അതിന്റെ സാധ്യതകൾ വിനിയോഗിക്കുമ്പോൾ അത് സമൂഹത്തിന് ഏറെ പ്രയോജനകരവും കലാകാരന്മാർക്ക് പ്രോത്സാഹ ജനകവുമായിത്തീരുന്നു.

## റേഡിയോ പരിപാടികൾ

വാർത്തകൾ, വാർത്താപഗ്രഥനങ്ങൾ, വാർത്താ പ്രാധാന്യമുള്ള സംഭവങ്ങളുടെ തത്സമയ കമൻററികൾ, സംഗീതപരിപാടികൾ, നാടകങ്ങൾ, ഫീച്ചറുകൾ സ്ത്രീകൾക്കും, കുട്ടികൾക്കും, യുവജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, കർഷകർക്കും വേണ്ടിയുള്ള പ്രത്യേകപരിപാടികൾ തുടങ്ങി വൈവിധ്യമാർന്ന വളരെയേറെ പരിപാടികൾ റേഡിയോ ശ്രോതാക്കൾക്കായി അവതരിപ്പിക്കുന്നു.

ഏറ്റവും കൂടുതൽ സമയം സംഗീതപരിപാടികൾക്കുവേണ്ടിയാണു പയോഗിക്കുന്നത്. ക്ലാസ്സിക്കൽ സംഗീതം, ഉപകരണ സംഗീതം, വൃന്ദവാദ്യം, സമൂഹഗാനം, ലളിതഗാനം, ചലച്ചിത്രഗാനം, പാശ്ചാത്യ സംഗീതം, തുടങ്ങിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഇനങ്ങൾ അവതരിപ്പിച്ചു വരുന്നു. സംഗീതോത്സവങ്ങൾ നടത്താനും സംഗീത കലയിൽ പ്രാവീണ്യമുള്ളവരെ തെരഞ്ഞെടുക്കാനും AIR ശ്രദ്ധിച്ചുവരുന്നു.

എല്ലാ റേഡിയോ നിലയങ്ങളും ചെറുകഥ, അത്മകഥ, നോവൽ, തുടങ്ങിയവയുടെ നാടകാവിഷ്ക്കാരങ്ങളും പ്രക്ഷേപണം ചെയ്യുന്നുണ്ട്. പ്രത്യേക നാടകോത്സവങ്ങൾ സംഘടിപ്പിക്കാനും അതി



www.malankaralibrary.com

ൻെറ ശബ്ദാവിഷ്ക്കാരം റേഡിയോയിലൂടെ അവതരിപ്പിക്കാനും ശ്രദ്ധിക്കുന്നുണ്ട്. ചലച്ചിത്രങ്ങളുടെ ശബ്ദരേഖയും റേഡിയോയിലൂടെ അവതരിപ്പിക്കുന്നു.

ആകാശവാണിയുടെ ന്യൂസ് സർവ്വീസ് ഡിവിഷൻ അപ്പപ്പോഴുണ്ടാകുന്ന വാർത്തകൾ ശേഖരിച്ച് വാർത്താബുള്ളറ്റിനുകളായി പ്രക്ഷേപണം ചെയ്യുന്നു. എല്ലാ പ്രാദേശിക നിലയങ്ങളും അതാതു പ്രാദേശിക ഭാഷകളിൽ പ്രാദേശിക വാർത്താ പ്രക്ഷേപണങ്ങൾ നടത്തുകയും ഡൽഹിയിൽ നിന്ന് ഇംഗ്ലീഷിലും ഹിന്ദിയിലും സംസ്കൃതത്തിലും നടത്തുന്ന വാർത്താ പ്രക്ഷേപണങ്ങൾ റിലേ ചെയ്യുകയും ചെയ്യുന്നു. നിയമസഭാവാർത്തകൾ, പാർലമെൻറ് വാർത്തകൾ, ജില്ലകളെ കേന്ദ്രീകരിച്ച് വാർത്താപത്രികകൾ വാർത്താ പ്രാധാന്യമുള്ള സംഭവങ്ങൾ, ആഘോഷങ്ങൾ, വിനോദങ്ങൾ തുടങ്ങിയവയുടെ റണ്ണിംഗ് കമൻററികൾ എന്നിങ്ങനെ നിരവധി വാർത്താ പരിപാടികൾ ആകാശവാണിയ്ക്കുണ്ട്.

ആകാശവാണിയ്ക്ക് ഒരു സൗണ്ട് ആർകൈവ്സ് ലൈബ്രറിയുണ്ട്. രാഷ്ട്രപതി, ഉപരാഷ്ട്രപതി പ്രധാനമന്ത്രി തുടങ്ങിയവരുടെ പ്രസംഗങ്ങൾ, പല മേഖലകളിൽ പ്രശസ്തരായിത്തീർന്ന പ്രഗത്ഭമതികളായ ഇൻഡ്യാക്കാരുടെയും വിദേശികളുടെയും ശബ്ദം (പ്രസംഗം, സംഗീതം) തുടങ്ങിയവ റിക്കാർഡു ചെയ്തു സൂക്ഷിച്ചുവയ്ക്കാൻ ഈ ലൈബ്രറിയിൽ പ്രത്യേക സംവിധാനങ്ങളുണ്ട്. മഹാത്മാഗാന്ധിയുടെ 50 മണിക്കൂർ സമയത്തെ പ്രസംഗവും സംഭാഷണവും, ജവഹർലാൽ നെഹ്രുവിൻെറ 3000 പ്രസംഗങ്ങൾ, ഇന്ദിരാഗാന്ധിയുടെ 2700 പ്രസംഗങ്ങൾ തുടങ്ങി അനവധി പ്രസംഗങ്ങളും പ്രശസ്തരായ സംഗീതജ്ഞന്മാരുടെ ഗാനാലാപനങ്ങളും എല്ലാം ഈ ലൈബ്രറിയുടെ വിശിഷ്ട സമ്പത്തുകളാണ്.

ടെലിവിഷൻെറ ആവിർഭാവത്തോടെ റേഡിയോ ഒരു പഴഞ്ചൻ മാധ്യമമായി പുറംതള്ളപ്പെടും എന്ന ആശങ്ക പിടികൂടിയിരുന്നു. വിവിധ വർണ്ണങ്ങളിൽ കാണാനും കേൾക്കാനും അവസരം ലഭിക്കുമ്പോൾ കേൾവിക്കുമാത്രം അവസരം ലഭിക്കുന്ന റേഡിയോ പിന്തള്ളപ്പെടുമെന്ന

www.malankaralibrary.com

ചിന്തയ്ക്കുപിന്നിൽ യുക്തിയുണ്ടായിരുന്നു. എന്നാൽ യുക്തികൾ അയഥാർത്ഥമായിത്തീരുന്ന കാഴ്ചയാണ് പ്രായോഗികതലത്തിലുണ്ടായത്. ഇൻഡ്യയിൽ മാത്രമല്ല അമേരിക്ക തുടങ്ങിയ സമ്പന്ന രാഷ്ട്രങ്ങളിലും റേഡിയോ ഉപഭോക്താക്കളുടെയും, ശ്രോതാക്കളുടേയും എണ്ണം കൂടുകമാത്രമേ ചെയ്തിട്ടുള്ളൂ എന്ന് ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു.

## റേഡിയോ

ലോകത്തിലേറ്റം പ്രചാരമുള്ള മാധ്യമം

◆

1890 ൽ മാർക്കോണി കണ്ടു പിടിച്ചു

◆

1916 നവംബർ 7- ന് അമേരിക്കയിൽ ആദ്യറേഡിയോ പ്രക്ഷേപണം

◆

1927 ൽ ഇന്ത്യയിൽ പ്രക്ഷേപണം ആരംഭിച്ചു

◆

1936 ൽ ഓൾ ഇന്ത്യ റേഡിയോ ആരംഭിച്ചു.



www.malankaralibrary.com

# 5

# ടെലിവിഷൻ

ഭൂലോകത്തിൻെറ ഏതൊരു ഭാഗത്തു നടക്കുന്ന പരിപാടികളും സ്വന്തം വീടിൻെറ മുറിയിലിരുന്നു കാണാൻ കഴിയും എന്ന് ഒരു ശതാബ്ദത്തിനപ്പുറമുള്ള ആളുകളോടു പറഞ്ഞാൽ അവർ നിങ്ങളെ തല്ലിയോടിക്കുമായിരുന്നു., മുഴുഭ്രാന്ത് എന്നു പറഞ്ഞ് ആക്ഷേപിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ പിഞ്ചുകുഞ്ഞുങ്ങളുടെ മുതൽ വയോവൃദ്ധരുടെവരെ ശ്രദ്ധപിടിച്ചുപറ്റുന്ന ഒരു മാധ്യമമായി ഇന്ന് ഈ വിദ്യ വളർന്ന് വികസിച്ചിരിക്കുന്നു. 1923 ൽ ഡോക്ടർ വ്ളാഡിമീർ സ്വൊറിക്കിൻ എന്ന ശാസ്ത്രജ്ഞൻ ടെലിവിഷൻെറ പിക്ചർ ട്യൂബ് കണ്ടുപിടിച്ചു. ഈ ഉപകരണത്തിന് ഐകണോസ്കോപ്പ് എന്നാണ് പേരു നൽകിയത്. 1927 ൽ ഒരു ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ വഴി വാഷിംഗ്ടണിൽ നിന്ന് ന്യൂയോർക്കിലേയ്ക്ക് ഒരു ചിത്രം അയയ്ക്കുന്നതിൽ അമേരിക്കൻ ടെലിഫോൺ ആൻറ് ടെലിഗ്രാഫ് കമ്പനിയിലെ എച്ച്. ഇ. ഐവ്സിനു കഴിഞ്ഞു. തുടർന്ന് പല റേഡിയോകമ്പനികളും ടെലിവിഷൻ പ്രക്ഷേപണത്തിൽ ശ്രദ്ധചെലുത്തിത്തുടങ്ങി. ഇന്നത്തെ രീതിയിലുള്ള ടെലിവിഷൻ കണ്ടുപിടിച്ചത് ജോൺബെയേർഡ് ആണ്.



www.malankaralibrary.com

# ടെലിവിഷൻ സംപ്രേഷണം

ആറ്റത്തിൻെറ ഘടകമായ ഇലക്ട്രോണുകളാണ് ശബ്ദവും ചിത്രവും പ്രക്ഷേപണ നിലയത്തിൽ നിന്ന് ടെലിവിഷൻ സെറ്റുകളിൽ എത്തിക്കുന്നത്. ഇലക്ട്രോണിന് നെഗറ്റീവ് ചാർജ്ജാണുള്ളത്. ടെലിവിഷൻ സ്ക്രീനിൽ ഇരുട്ടും വെളിച്ചവുമായി ആയിരക്കണക്കിന് പൊട്ടുകളുണ്ട്. ഈ പൊട്ടുകളിലേയ്ക്ക് പ്രക്ഷേപണ നിലയത്തിൽ നിന്നും കടന്നുവരുന്ന ഇലക്ട്രോണുകൾ പ്രകാശം വീഴ്ത്തുന്നു. അവ ചിത്രങ്ങളായി മാറുന്നു. വിക്ഷേപണിയിൽ നിന്ന് ഒരു മിനിറ്റിൽ 1800 വിഭിന്ന ചിത്രങ്ങളാണ് സ്വീകരണികളിലേയ്ക്ക് (ടെലിവിഷൻ) അയയ്ക്കുന്നത്. സെക്കൻറിൽ 30 ചിത്രങ്ങൾ. വ്യത്യസ്ത ചിത്രങ്ങളായാണ് ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതെങ്കിലും അവയുടെ വേഗത കൊണ്ട് ചിത്രങ്ങൾ ചലിക്കുന്നവയായിതോന്നുന്നു.

ടെലിവിഷൻ സിഗ്നലുകൾ ഒരു പ്രദേശത്തുനിന്നും മറ്റൊരു പ്രദേശത്തേയ്ക്ക് അയയ്ക്കുന്നത് ട്രാൻസ്മിറ്റിംഗ് ടവർ (പ്രക്ഷേപണ ഗോപുരം) വഴിയാണ്. സമീപ പ്രദേശത്തുള്ള കെട്ടിടങ്ങളെയും കുന്നുകളെയുംകാൾ ഉയരത്തിലാണ് ടവ്വർ നിർമ്മിക്കുക. ടെലിവിഷൻ സിഗ്നലുകളുടെ വൈദ്യുതശക്തിയാണ് അവയ്ക്ക് സഞ്ചരിക്കാൻ കഴിയുന്ന ദൂരത്തിന് ആധാരം. ഹൈപവർ ട്രാൻസ്മിറ്റിംഗ് സിഗ്നലുകൾക്ക് സാധാരണയായി 80 മുതൽ 160 കിലോ മീറ്ററുകൾ വരെ സഞ്ചരിക്കാനാകും. ലോപവർ ട്രാൻസ്മിറ്റർ സിഗ്നലുകൾ 25 മുതൽ 50 വരെ കിലോമീറ്റർ ദൂരം സിഗ്നലുകൾ അയയ്ക്കുന്നവയാണ്.

# കളർടെലിവിഷനും ബ്ലാക്ക് ആൻഡ് വൈറ്റ് ടെലിവിഷനും.

ടെലിവിഷനുകളിൽ കളർ ചിത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതിനുകാരണം ടെലിവിഷൻ സെറ്റിൻെറ മാത്രം മേന്മയല്ല. പ്രക്ഷേപിണിയിലെ ക്യാമറയിൽ നിന്നുതന്നെ പ്രകാശ രശ്മികളെ ചെമപ്പ്, നീല, പച്ച, എന്നീ മൂന്നു അടിസ്ഥാന വർണ്ണങ്ങളായി വിഭജിച്ച് മതിയായ വൈദ്യുത ശക്തിനൽകിയാണ് ട്രാൻസ്മിറ്റിംഗ് ടവറിലേയ്ക്ക് അയയ്ക്കുന്നത്. ആത്തരം സിഗ്നലുകൾ കളർ ടെലിവിഷൻ സെറ്റു



www.malankaralibrary.com

കളിൽ എത്തുമ്പോൾ അവയെ സ്വീകരിച്ച് സ്ക്രീനിലെപൊട്ടുകളിലേയ്ക്കയയ്ക്കാൻ മൂന്ന് (ഓരോ നിറത്തിനും ഓരോന്ന് ) ഇലക്ട്രോൺ ഗണ്ണുകൾ ഉണ്ട്. മൂന്നുതരം വർണ്ണങ്ങളിലുമുള്ള പൊട്ടുകൾ ലയിച്ചു ചേരുമ്പോൾ എല്ലാ നിറങ്ങളും സ്ക്രീനിൽ പ്രത്യക്ഷപ്പെട്ട് വർണ്ണചിത്രങ്ങൾ ഉണ്ടാകുന്നു.

ബ്ലാക്ക് ആൻഡ് വൈറ്റ് ടെലിവിഷൻ സെറ്റുകളിലാകട്ടെ ഒരു ഇലക്ട്രോൺ ഗൺ മാത്രമേയുള്ളൂ അത് ഇരുട്ടും വെളിച്ചവും മാത്രം പൊട്ടുകളിലേയ്ക്ക് അയയ്ക്കുന്നു. അങ്ങനെ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ ഉണ്ടാകുന്നു.

## ഭൂതല സംപ്രേഷണവും ഉപഗ്രഹ സംപ്രേഷണവും.

ആദ്യം വിവരിച്ചതരത്തിൽ ടെലിവിഷൻ കേന്ദ്രങ്ങളിൽ നിന്ന് ട്രാൻസ്മിറ്റിംഗ് ടവറുകളിലൂടെ ടെലിവിഷൻ സെറ്റിലേക്ക് സിഗ്നലുകൾ അയയ്ക്കുന്ന രീതിയാണ് ഭൂതല സംപ്രേഷണം. അതിനു പുറമേ സിഗ്നലുകൾ ഉപഗ്രഹത്തിലേയ്ക്ക് അയച്ചിട്ട് അവിടെ നിന്നും സ്വീകരണികളിലേയ്ക്ക് (ടെലിവിഷൻ സെറ്റ്) നേരിട്ടു സ്വീകരിക്കുന്ന സമ്പ്രദായവും ഇന്ന് നിലവിലുണ്ട്. ഇങ്ങനെ ഉപഗ്രഹങ്ങളിൽ നിന്നും സിഗ്നലുകളെ സ്വീകരിക്കാൻ നാം ഉപയോഗിക്കുന്ന സാധാരണ ആൻറനകൾക്ക് സാധ്യമല്ല. അതിന് ഡിഷ് ആൻറന ഉപയോഗിച്ചു വരുന്നു. ഇതിനെയാണ് ഉപഗ്രഹസംപ്രേഷണം എന്നു പറയുന്നത്.

## കേബിൾ ടിവി

ഉപഗ്രഹങ്ങളിൽ നിന്നും വരുന്ന സിഗ്നലുകൾ ഡിഷ് ആൻറിന ഉപയോഗിച്ച് സ്വീകരിച്ചും ഒരു കേന്ദ്രത്തിൽ നിന്ന് കേബിളുകൾ (വയർ) മുഖേന ടെലിവിഷൻ സെറ്റുകളിലേയ്ക്ക് പ്രോഗ്രാം നേരിട്ടും എത്തിക്കുന്ന സമ്പ്രദായമാണിത്.



www.malankaralibrary.com

# ടെലിവിഷൻ ഇന്ത്യയിൽ

1959 ൽ ഡൽഹിയിൽ ഒരു ടെലിവിഷൻ കേന്ദ്രം പരീക്ഷണാർത്ഥം ആരംഭിച്ചുകൊണ്ട് ഇന്ത്യ ഈ രംഗത്തേയ്ക്കു കടന്നുവന്നു. ഡൽഹി പ്രദേശത്ത് 12മുതൽ 15 വരെ മൈൽ ചുറ്റളവിലുള്ള 250 സ്കൂളുകളിൽ അന്ന് ടി. വി. സെറ്റുകൾ സ്ഥാപിച്ചു. കുറെക്കഴിഞ്ഞ് 500 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ ലക്ഷ്യങ്ങൾ മാത്രമായിരുന്നു ഈ ഉദ്യമത്തിനു പിന്നിൽ. 1965 ൽ ഒരു ജനറൽ സർവ്വീസ് ഡൽഹിയിൽത്തന്നെ ആരംഭിച്ചു. അതോടെ വിജ്ഞാനം പകരുന്നതിനോടൊപ്പം വിനോദവും പകരുക എന്ന ലക്ഷ്യം ടെലിവിഷൻ പ്രക്ഷേപണത്തിനു കൈവന്നു. 1972 ൽ ബോംബേയിൽ ഒരു ടി. വി. സ്റ്റേഷൻകൂടി തുറന്നു. 73 ൽ പുനയിൽ ഒരു റിലേകേന്ദ്രവും.

1976 ഏപ്രിൽ 1 വരെ ടി. വി. A. I. R. -ൻെറ ഭാഗമായാണ് സർവ്വീസ് നടത്തിവന്നത്. അന്നേദിവസം ദൂരദർശൻ എന്ന പേരു നൽകി ദൂരദശനെ A. I. R. ൽ നിന്ന് സ്വതന്ത്രമാക്കി. 1985 ജനുവരി 1-ാം തീയതിയാണ് തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ആരംഭിച്ചത്. ഓരോ പ്രധാന കേന്ദ്രത്തോടും അനുബന്ധിച്ച് റിലേ കേന്ദ്രങ്ങളുമുണ്ട്, കൊച്ചി നിലയവും, കോഴിക്കോട് നിലയവും ഇത്തരത്തിൽപ്പെട്ടവയാണ്.

ടെലിവിഷൻ രംഗത്ത് അടുത്തകാലത്തുണ്ടായ പരിഷ്ക്കാരങ്ങൾ ഈ മേഖലയിലേയ്ക്ക് പ്രൈവറ്റ് ഏജൻസികൾക്ക് കടന്നുവരാനും മത്സരിക്കാനും അവസരങ്ങളൊരുക്കി. അതിൻെറ ഫലമാണ് ഒട്ടുമിക്ക കേബിൾ ടി. വി. ശൃംഖലകളും കേബിളുകൾ വഴി പ്രോഗ്രാം വീടുകളിലെ ടെലിവിഷൻ സെറ്റുകളിലെത്തിക്കുകയാണ് അവർ ചെയ്യുന്നത്. അതിന് ഉപയോക്താക്കളിൽ നിന്ന് ഫീസും ഈടാക്കുന്നുണ്ട്. ഇത്തരം 30 കേബിൾ ടി. വി. ശൃംഖലകൾ ഇന്ത്യയിൽ ആരംഭിച്ചുകഴിഞ്ഞു. 95 ൻെറ അവസാനത്തോടെ അതിൻെറ എണ്ണം 50 ആകുമെന്നാണ് കണക്കുകൂട്ടലുകൾ.

1959 ൽ 250 ടി. വി. സെറ്റുകൾ സ്ഥാപിച്ചാണ് ഇൻഡ്യയിൽ ടെലിവിഷൻ ആരംഭിച്ചതെന്ന് പറഞ്ഞല്ലോ. 1988 ആയപ്പോഴേയ്ക്കും ഒന്നേകാൽ കോടിയും 1989ൽ രണ്ടുകോടിയും 92ൽ നാലരക്കോടിയും

www.malankaralibrary.com

93 ൽ 5 കോടിയുമായി ടെലിവിഷൻസെറ്റുകളുടെഎണ്ണം വർദ്ധിച്ചു.

വിജ്ഞാനവും വിനോദവും നൽകുന്നതും ധാരാളം തൊഴിലവസരങ്ങളും കലാപ്രോത്സാഹനവും പകർന്നു നൽകുന്നതുമായ ഒരു ആധുനിക മാധ്യമമാണ് ടെലിവിഷൻ. ലോകത്തിൻെറ ഏതൊരു ഭാഗത്തു നടക്കുന്ന സംഭവങ്ങളും ലബോറട്ടറിയിൽ നടക്കുന്ന പരീക്ഷണങ്ങളും എന്നു വേണ്ട വിജ്ഞാനം പകരുന്ന എല്ലാ കാര്യങ്ങളും ആരുടേയും മനസ്സിൽ പതിയത്തക്ക തരത്തിൽ അവതരിപ്പിക്കാനുള്ള ടെലിവിഷൻെറ സാധ്യത അപാരമാണ്. ടേണിംഗ് പോയിൻറ്, വേൾഡ്ദിസ് വീക്ക് , ലിവിംഗ് ഓൺ ദി എഡ്ജ്, യു. ജി. സി. പ്രോഗ്രാം തുടങ്ങി വിജ്ഞാനം പകരുന്ന എത്രയെത്ര പരിപാടികളാണ് ദൂരദർശൻ പ്രക്ഷേപണം ചെയ്യുന്നത്.

സിനിമാകൾ, നൃത്തപരിപാടികൾ, സംഗീത പരിപാടികൾ, സീരിയലുകൾ തുടങ്ങി ധാരാളം വിനോദ പരിപാടികളും അവതരിപ്പിക്കുന്നു. രോഗങ്ങളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും മുന്നറിയിപ്പുനൽകാനും കാണാതെ പോകുന്നവരേയും കുറ്റവാളികളെയും ഒക്കെ കണ്ടെത്താനും വരെ ഈ മാധ്യമത്തിൻെറ ശക്തി നാം ഉപയോഗിക്കുന്നുണ്ട്,

ധാരാളം തൊഴിലവസരങ്ങൾ ഈ മേഖല വച്ചു നീട്ടുന്നുണ്ട്. നിപുണരായ കലാകാരന്മാർക്കും, അവതരണ ചാതുരിയും ഉച്ചാരണ ശുദ്ധിയുമുള്ള ചെറുപ്പക്കാർക്കും സാങ്കേതിക വിദഗ്ധർക്കുമൊക്കെ ഈ മേഖല വളരെ ആകർഷകമായ തൊഴിൽ വാഗ്ദാനം ചെയ്യുന്നു.

ഇങ്ങനെ അനുഗ്രഹവർഷം ചൊരിയുന്ന ഈ മാധ്യമം ഈ തലമുറയ്ക്ക് നാശത്തിൻെറ വിത്തുകളും സംഭാവന ചെയ്യുന്നുണ്ട്. നമ്മുടെ പാരമ്പര്യത്തിനും കുടുംബ പശ്ചാത്തലത്തിനും യുക്തമല്ലാത്ത ഒട്ടനവധി ചിത്രീകരണങ്ങൾ ഇന്ന് പ്രക്ഷേപണം ചെയ്യുന്നുണ്ട്.

ദൂരദർശനും, കേബിൾ ടി. വി. യുമൊക്കെ കടുത്ത മത്സരം നേരിടുന്ന ഒരു മേഖലയാണ്. കൂടുതൽ പ്രേക്ഷകരെ നേടുകയാണ് എല്ലാവർക്കും ആവശ്യം. പരസ്യങ്ങളും സ്പോൺസർഷിപ്പുകളുമില്ലാതെ ഇവയ്ക്കൊന്നും നില നില്ക്കാനാവില്ല. പ്രേക്ഷകരുടെ എണ്ണം നോ

www.malankaralibrary.com

ക്കിയാണ് പരസ്യക്കാർ പണം നൽകാൻ തയ്യാറാകുക. അപ്പോൾ കൂടുതൽ പ്രേക്ഷകരെ നേടിയെടുക്കാനുള്ള മത്സരം സ്വാഭാവികമാണ്. അതിനുപയോഗിക്കുന്ന മാർഗ്ഗം പലപ്പോഴും നിന്ദ്യമാണ്. അധമ വികാരങ്ങളെയും, അസംസ്കൃത ചിന്തകളേയും അസംഭാവ്യതകളെയും ആകർഷകമായി അവതരിപ്പിക്കാനാകും അവരുടെയൊക്കെ ശ്രമം. ഫലമോ നമ്മുടെ ഉൽകൃഷ്ടമായ സംസ്ക്കാരത്തിൻെറയും കുടുംബപശ്ചാത്തലത്തിൻെറയും ശിഥിലീകരണം. 1993 ൽ പരസ്യങ്ങളിലൂടെ 400 കോടി രൂപയാണ് ദൂരദർശൻ സംഭരിച്ചത്. ഇത്രയധികം തുക പരസ്യത്തിനു നൽകാൻ തയ്യാറാകുന്നവർക്ക് ഇവരുടെ ഉല്പന്നങ്ങളിലേയ്ക്ക് എല്ലാവരുടേയും ശ്രദ്ധ ക്ഷണിക്കാനും ആഗ്രഹം ജനിപ്പിക്കാനും ലക്ഷ്യമുണ്ടാകുമല്ലോ. അതുകൊണ്ട് ടെലിവിഷൻ എങ്ങനെ ഉപയോഗിക്കണം എന്നു പഠിക്കാൻ നാം തയ്യാറാകണം. നല്ലതും ചീത്തയും വേർതിരിച്ചറിയാനും നന്മയെ സ്വീകരിക്കാനും തക്ക ഒരു മാധ്യമാവബോധം നാം നേടിയെടുക്കണം.

1926 - ൽ ജോൺ ലോജിക്ക് ബെയേർഡ്
ടി. വി. കണ്ടുപിടിച്ചു.

❑

1959 - ൽ ഇന്ത്യയിൽ
ആദ്യ ടി. വി. പ്രക്ഷേപണം.



www.malankaralibrary.com

# 6
# സിനിമ

'കിനിമാറ്റോഗ്രഫി' എന്ന പദത്തിൽ നിന്ന് രൂപംകൊണ്ട സിനിമാറ്റോ ഗ്രഫിയിൽ നിന്നാണ് സിനിമാ എന്ന പേര് രൂപം കൊണ്ടത്. കിനിമാ (Kinima) ഗ്രാഫ് (Grafe) എന്നീ ഗ്രീക്കു പദങ്ങൾ കൂടിച്ചേർന്നതാണ കിനിമാറ്റോഗ്രാഫി. കിനിമാ എന്നാൽ ചലനം ഗ്രാഫ് എന്നാൽ രേഖ. ആദ്യകാലങ്ങളിൽ കിനിമാറ്റോഗ്രാഫ് എന്നറിയപ്പെട്ടു. പിന്നീടതിന് രൂപാന്തരങ്ങൾ സംഭവിച്ചതാണ് ഇന്നത്തെ സിനിമ.

നിശ്ചല ഛായാഗ്രഹണ വിദ്യ ഉപയോഗിച്ച് വിവിധ രാജ്യങ്ങളിൽ നടന്ന പരീക്ഷണ നിരീക്ഷണങ്ങളിലൂടെയാണ് ചലച്ചിത്ര മാധ്യമം ജന്മമെടുത്തത്. ആദ്യം നിരവധി നിശ്ചല ചിത്രങ്ങൾ എടുത്ത് അവയെ വേഗത്തിൽ ചലിപ്പിച്ച് ചലിക്കുന്ന ആൾ രൂപങ്ങളും മാറിക്കൊണ്ടിരുന്ന മുഖഭാവങ്ങളുമൊക്കെ അവതരിപ്പിക്കുകയാണുണ്ടായത്. സ്വനഗ്രാഹിയുടേയും വൈദ്യുതദീപ (Magic Lantern)ത്തിന്റെയും ഉപജ്ഞാതാവായ തോമസ് ആൽവാ എഡിസൺ എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ സെക്കൻറിൽ 48 നിശ്ചല ചിത്രങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന ഒരു ഉപകരണം കൈനെറ്റോഗ്രാഫ് എന്ന പേരിൽ നിർമ്മിച്ചു. തുടർന്ന് കൊഡാക്ക് കമ്പനി നിർമ്മിച്ച സുതാര്യമായ ഒരു സെല്ലു



www.malankaralibrary.com

ലോയ്ഡ് നാടയിൽ അമ്പതടി നീളമുള്ള ഒരു മൂകചിത്രം എഡിസൺ നിർമ്മിച്ചു. എഡിസൻെറ നിർദ്ദേശപ്രകാരം സഹപ്രവർത്തകർ കൈനെറ്റോസ്കോപ്പ് എന്ന പേരിൽ ഒരു പ്രദർശന യന്ത്രം തയ്യാറാക്കി. വൈദ്യുത ദീപം ഘടിപ്പിച്ച ഈ യന്ത്രം ഉപയോഗിച്ച് പ്രദർശനം നടത്തി. ചിത്രത്തിൻെറ ഛായ പതിച്ചിരുന്നത് യന്ത്രത്തിൻെറ അകവശത്താകയാൽ സുഷിരത്തിലൂടെ നോക്കുന്ന ഒരാൾക്കുമാത്രമേ പ്രദർശനം ഒരു സമയം കാണാൻ കഴിഞ്ഞിരുന്നുള്ളൂ.

1895 ൽ അഗസ്തെ ലൂമിയർ, ലൂയി ലൂമിയർ, എന്നീ ഫ്രഞ്ച് സഹോദരന്മാർ സിനിമാറ്റോഗ്രാഫ് എന്നൊരു പുതിയ ഉപകരണം തയ്യാറാക്കി. നിർമ്മാണാവകാശം രജിസ്റ്റർ ചെയ്തു. ചെറിയ ഒരു സദസിന് സൗകര്യമായി കാണത്തക്കവിധം വെളുത്ത തിരശീലയിലായിരുന്നു പ്രദർശനം. ലൂമിയർ സഹോദരന്മാർ നിർമ്മിച്ച പ്രഥമ ചലച്ചിത്രത്തിൻെറ പ്രദർശനം 1985 മാർച്ച് 22-ാം തീയതി പാരീസിൽ നടന്നു. തുടർന്ന് ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രദർശനം നടത്താനുള്ള സംവിധാനമുണ്ടാക്കി. അങ്ങനെ 1896 ജൂലൈ 7-ാം തീയതി ബോംബെയിൽ ആദ്യമായി സിനിമാ പ്രദർശനം നടന്നു. ഒരു തീവണ്ടിയിലെ യാത്ര, കടലിലെ കുളി തുടങ്ങിയവയാണ് പ്രദർശിപ്പിച്ചത്. ഒരു കഥയെ ആസ്പദമാക്കിആദ്യമായി ഇൻഡ്യയിൽ ഒരു ചലച്ചിത്രമുണ്ടാക്കിയത് 1912 ൽ ആർ. ജി. ടോർണി, എൻ. ജി. ചിത്രേ എന്നിവരാണ്. അവർ നിർമ്മിച്ച ചിത്രമാണ് പുണ്ഡാലിക്.

അടുത്ത ചിത്രം 1913 ലെ 'രാജാഹരിശ്ചന്ദ്ര' യാണ്. ഇന്ത്യൻ സിനിമയുടെ പിതാവ് എന്ന് ചരിത്രകാരന്മാരാൽ വിശേഷിപ്പിക്കപ്പെടുന്ന ധണ്ഡിരാജ് ഗോവിന്ദ് ഫാൽക്കേ (D. G. Phalke) ആയിരുന്നു ആ ചിത്രം നിർമ്മിച്ചത്. അതും നിശബ്ദ ചിത്രമായിരുന്നു. 1913 ൽ ഇന്ത്യയിൽ ആദ്യത്തെ ഫിലിം സ്റ്റുഡിയോ സ്ഥാപിച്ചതുകൊണ്ടാണ് ഈ ബഹുമതി അദ്ദേഹത്തിൽ അർപ്പിതമായത്.

ഇന്ത്യയിൽ ആദ്യത്തെ ശബ്ദ ചിത്രമായ 'അലം ആറാ' 1931 ൽ പ്രദർശിപ്പിച്ചു. ആദ്യകാല ഇൻഡ്യൻ ചലച്ചിത്രങ്ങളിൽ നല്ലപങ്കും പുരാണേതിഹാസങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.

www.malankaralibrary.com

മലയാളത്തിലെ ആദ്യ നിശബ്ദ ചിത്രം ജെ. സി. ഡാനിയേലിൻെറ വിഗതകുമാരൻ ആണ്. 1928 ൽ നിർമ്മിക്കപ്പെട്ട ഈ ചിത്രത്തിൻെറ നായകനും നിർമ്മാതാവും സംവിധായകനും ക്യാമറാമാനും ഡാനിയേൽ തന്നെയായിരുന്നു. മലയാളം സംസാരിച്ച പ്രഥമ ചിത്രമായിരുന്നു 1935 ൽ നിർമ്മിക്കപ്പെട്ട ബാലൻ. ടി. ആർ. സുന്ദരം നിർമ്മിച്ച ഈ ചിത്രത്തിൻെറ സംവിധാനം എസ്. നൊട്ടാണി നിർവ്വഹിച്ചു.കേരള മണ്ണിൽ ആദ്യം സ്ഥാപിക്കപ്പെട്ട സിനിമാ സ്റ്റുഡിയോ ആലപ്പുഴയിലെ കുഞ്ചാക്കോയുടെ വക ഉദയാ സ്റ്റുഡിയോ ആണ്.

1952 ൽ നിർമ്മിച്ച 'ജീവിത നൗക' മുതലാണ് മലയാള സിനിമ പുഷ്ടി പ്രാപിച്ചത്. അധികം താമസിയാതെ നീലക്കുയിൽ, തിരമാല, ഇരുട്ടിൻെറ ആത്മാവ്, ചെമ്മീൻ, സ്വയംവരം, നിർമ്മാല്യം. കൊടിയേറ്റം, മഞ്ഞിൽ വിരിഞ്ഞപൂക്കൾ, പിറവി, മതിലുകൾ, അമ്മ, ഭരതം, സുകൃതം, പരിണയം തുടങ്ങിയ ശ്രദ്ധേയങ്ങളായ നൂറുകണക്കിന് സിനിമകൾ മലയാള മണ്ണിൽ പിറന്നു വീണു.

ദേശീയ ബഹുമതികൾ നിരന്തരം വാരിക്കൂട്ടാൻ സിനിമകളും, സംവിധായകരും, അഭിനേതാക്കളും, ഗാനകോകിലങ്ങളുമൊക്കെ നമുക്കുണ്ട് എന്നത് അഭിമാനത്തിനു വക നൽകുന്നതാണ്. സത്യജിത് റേയ്ക്കു ശേഷം ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൻെറ അവാർഡു നേടുന്ന ഇന്ത്യാക്കാരനെ സംഭാവനചെയ്യാൻ അടൂർ ഗോപാലകൃഷ്ണനിലൂടെ കേരളത്തിനു കഴിഞ്ഞു. അടൂർ, അരവിന്ദൻ, എന്നിവരുടെ ചിത്രങ്ങൾ വിദേശങ്ങളിൽ നിന്ന് ബഹുമതികൾ കരസ്ഥമാക്കി. രാമുകാര്യാട്ടിൻെറ ചെമ്മീനും, എം. ടി. യുടെ നിർമ്മാല്യവും അരവിന്ദൻെറ ചിദംബരവും രാഷ്ട്രപതിയുടെ സ്വർണമെഡൽ നേടി. ഇൻഡ്യയിലെ ആദ്യത്തെ ത്രിമാന ചിത്രമായ 'മൈഡിയർ കുട്ടിച്ചാത്തൻ' മലയാളത്തിലാണുണ്ടായത്. സാങ്കേതികമായും കലാപരമായും മലയാളസിനിമയ്ക്ക് കൈവരിയ്ക്കാൻ കഴിഞ്ഞ വിജയങ്ങളാണ് ഈ വസ്തുതകളിലൂടെ കാണാൻ കഴിയുക.

നമ്മുടെ സിനിമയുടെ മികവുകളും സിനിമാരംഗം കൈവരിച്ച നേട്ടങ്ങളും വിവരിച്ച് അഭിമാനം കൊള്ളുമ്പോൾത്തന്നെ ഈ മാധ്യമം നമുക്ക് കാഴ്ചവയ്ക്കുന്ന സാംസ്ക്കാരികാപചയത്തെയും ശരാശരി

www.malankaralibrary.com

മനുഷ്യനിൽ സൃഷ്ടിക്കുന്ന വൈകാരിക വ്യതിയാനങ്ങളെയും നോക്കിക്കാണാതിരിക്കാൻ സാധിക്കുകയില്ല.

കുറെ മികച്ച സിനിമകൾ മാറ്റി നിർത്തി വിചിന്തനം ചെയ്യുന്ന പക്ഷം അസംഭാവ്യതകളുടെയും അയഥാർത്ഥമായ പ്രേമാനുഭൂതികളുടെയും കഥകളാണ് അവ പറയുന്നത്. സാമൂഹ്യതിന്മകൾ ചെയ്തുകൂട്ടി വിജയിക്കുന്ന വില്ലന്മാരും, മാതാപിതാക്കളെയും പാരമ്പര്യങ്ങളെയും മൂല്യങ്ങളെയും തള്ളിപ്പറഞ്ഞ് മിടുക്കന്മാരാകുന്ന വിപ്ലവകാരികളും ഔചിത്യബോധമില്ലാത്ത പ്രണയ രംഗങ്ങളിലൂടെ ശ്രദ്ധേയരാകുന്ന സുന്ദരന്മാരും സുന്ദരികളുമൊക്കെ വിഹരിക്കുന്ന വേദികളാണ് നമ്മുടെ സിനിമ. അതു കണ്ടുരസിക്കുന്ന വിദ്യാർത്ഥികളും, യുവജനങ്ങളും അപക്വമതികളുമൊക്കെ 'ഇതാണു ജീവിതം' എന്നു വിലയിരുത്തുക സ്വാഭാവികമാണ്. നന്മയും തിന്മയും, ശരിയും തെറ്റും വിവേചിച്ചറിയാനും സിനിമാ നമ്മിൽ അടിച്ചേൽപ്പിക്കുന്ന സംസ്ക്കാരത്തെ അകറ്റി നിർത്താനും എതിർക്കാനും ഒക്കെ നാം പഠിച്ചേ മതിയാകൂ.

പ്രതിവർഷം 800 ൽ പരം സിനിമകൾ ഭാരതമണ്ണിൽ പിറന്നുവീഴുന്നുവെന്നാണ് കണക്ക്. ശരാശരി കണക്കെടുപ്പു നടത്തിയാൽ 800 കോടിയിലേറെ രൂപാ സിനിമാ നിർമ്മാണത്തിനു വേണ്ടി ഇവിടെ ചെലവഴിക്കപ്പെടുന്നു. ഇൻഡ്യയിലാകെ 13,000 ൽ പരം സിനിമാ തീയേറ്ററുകളുണ്ടെന്നാണ് കണക്ക്. അതിൽ 1500 ഓളം കേരളത്തിലുമാണ്. ഭൂരിപക്ഷം ദാരിദ്രരേഖയ്ക്കു താഴെ കിടന്നു പട്ടിണിയും കഷ്ടപ്പാടും അനുഭവിക്കുന്ന ഒരു രാഷ്ട്രത്തിലാണിത്. ചെലവഴിക്കപ്പെടുന്നതിന്റെ ഇരട്ടി ലാഭമുണ്ടാക്കാം എന്ന നിശ്ചയ ദാർഢ്യമാണ് പണം മുടക്കുന്നവർക്കുള്ളത്. അപ്പോൾ സിനിമ ഇന്ത്യൻ ജനതയെ എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്ന് മനസ്സിലാകുമല്ലോ?

ടെലിവിഷന്റെ കടന്നുവരവ് സിനിമാ മേഖലയെ ഉലയ്ക്കുമെന്നായിരുന്നു പ്രവചനങ്ങൾ. അതും പാളിപ്പോയി. നല്ല സിനിമകൾക്ക് പ്രേക്ഷകർ വർദ്ധിക്കുകയാണ്. ഭാരതത്തിലെ സിനിമാരംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ചില സമിതികളുണ്ട്. അവയെ ഒന്നു പരിചയപ്പെടാം.



www.malankaralibrary.com

# ഫിലിം സർട്ടിഫിക്കേഷൻ ബോർഡ്

ഇന്ത്യയിൽ ഒരു സിനിമ പ്രദർശിപ്പിക്കണമെങ്കിൽ ഇന്ത്യയിലെ ഫിലിം സർട്ടിഫിക്കേഷൻ ബോർഡിൻെറ അനുമതിയുണ്ടാകണം. 1952 ൽ രൂപീകരിച്ച ബോർഡിന് 1983 ൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ എന്ന പേരു നൽകി. 12 നും 25 നുമിടയിൽ അംഗങ്ങളും ഒരു ചെയർമാനുമുള്ള ഈ ബോർഡിനെ നിയമിക്കുന്നത് കേന്ദ്രഗവൺമെൻറാണ്. ബോംബെ ആസ്ഥാനമാക്കിയുള്ള ഈ ബോർഡിന് ബോംബെ, കൽക്കത്ത, മദ്രാസ്, ബാംഗ്ളൂർ, ഹൈദരാബാദ്, തിരുവനന്തപുരം, ഗൂഹാവട്ടി, കട്ടക്ക്, എന്നിവിടങ്ങളിൽ പ്രാദേശിക ഓഫീസുകൾ ഉണ്ട്. ഫിലിം പരിശോധനയിൽ സഹായിക്കാൻ അതാത് ഓഫീസുകളിൽ പ്രത്യേക സമിതികളുമുണ്ട്. വിദ്യാഭ്യാസ വിദഗ്ധർ, അഭിഭാഷകർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവർ ഈ സമിതിയിലുണ്ടായിരിക്കും.

പരിശോധനയ്ക്കുശേഷം 'U' ,'A' എന്നിങ്ങനെ രണ്ടുതരം സർട്ടിഫിക്കറ്റുകളാണ് ബോർഡ് നൽകുക എല്ലാവർക്കും കാണാവുന്ന സിനിമകൾക്ക് 'U' (Universal) സർട്ടിഫിക്കറ്റും പ്രായപൂർത്തിയായവർക്ക് മാത്രം കാണാവുന്ന സിനിമകൾക്ക് 'A' (Adults) സർട്ടിഫിക്കറ്റും നൽകുന്നു. അക്രമവും ആഭാസവും നിറഞ്ഞ സിനിമകൾക്ക് പ്രദർശനാനുമതി നൽകാതിരിക്കാനും ബോർഡിന് അധികാരമുണ്ട്.

# നാഷണൽ ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ (NFDC)

ചലച്ചിത്രവ്യവസായം കാര്യക്ഷമമായി ദേശീയ സാമ്പത്തിക നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുയോജ്യമായി വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 1975 ലാണ് നാഷണൽ ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ ആരംഭിച്ചത്.

സിനിമാ ഉല്പാദന സാമഗ്രികൾ ഇറക്കുമതി, ഫീച്ചർ ഫിലിമുകളുടെ ഇറക്കുമതിയും കയറ്റുമതിയും, ചലച്ചിത്ര വിതരണം, പ്രദർശനം, ഗുണമേന്മയുള്ള ചിത്രങ്ങൾക്ക് പ്രോത്സാഹനം നൽകൽ, ചലച്ചിത്ര

www.malankaralibrary.com

മഹോത്സവങ്ങൾ സംഘടിപ്പിക്കൽ തുടങ്ങി ഈ രംഗത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സഹായകമായ ഒട്ടനവധി നടപടികൾ NFDC നടത്തിവരുന്നുണ്ട്.

## നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യ

സിനിമയെ സംബന്ധിച്ച ഗവേഷണങ്ങൾ നടത്താനും മറ്റുമായി 1964ൽ ആരംഭിച്ചതാണ് NFAI. ഇന്ത്യയിലെയും വിദേശത്തെയും വിലപ്പെട്ട ചലച്ചിത്രങ്ങളുടെ ശേഖരവും സിനിമാരംഗവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ഇവിടെ ശേഖരിച്ചു സൂക്ഷിക്കുന്നു. പൂനെയിലാണ് കേന്ദ്രം.

## ചിൽഡ്രൻസ് ഫിലിം സൊസൈറ്റി

1955 ൽ രൂപീകരിക്കപ്പെട്ട ചിൽഡ്രൻസ് ഫിലിം സൊസൈറ്റി കുട്ടികൾക്കും കൗമാരപ്രായക്കാർക്കും വേണ്ടിയുള്ള ചിത്രങ്ങളുടെ നിർമ്മാണം, വിതരണം, പ്രദർശനം എന്നീ കാര്യങ്ങൾ നിർവ്വഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

മൊബൈൽ സിനിമായൂണിറ്റുകൾ ഉപയോഗിച്ച് ഗ്രാമങ്ങളിലും വിദ്യാലയങ്ങളിലും കുട്ടികൾക്കായി ചലച്ചിത്ര പ്രദർശനം നടത്തുക, കുട്ടികളുടെ ഫിലിം ഫെസ്റ്റുകൾ സംഘടിപ്പിക്കുക, അന്തർദ്ദേശീയ ഫിലിം ഫെസ്റ്റിവലുകളിൽ ഇന്ത്യൻ ചിത്രങ്ങൾ പങ്കെടുപ്പിക്കുക തുടങ്ങിയവയും ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ്.

### സിനിമ

- ▲ പ്രദർശനം ആരംഭിച്ചത് ലൂമിയർ സഹോദരന്മാർ
- ▲ 1896 - ൽ ഇന്ത്യയിൽ ആദ്യ പ്രദർശനം
- ▲ ആദ്യ ഇന്ത്യൻ സിനിമ - പുണ്ഡാലിക് - 1912
- ▲ ആദ്യ മലയാളസിനിമ - 'വിഗതകുമാരൻ'
- ▲ മലയാളത്തിലെ ആദ്യ ശബ്ദ ചിത്രം - 'ബാലൻ'



www.malankaralibrary.com

# 7

# പരസ്യം

ഇന്നത്തെ യുഗത്തിൽ പരസ്യംപോലെ മനുഷ്യനെ സ്വാധീനിക്കുന്ന മറ്റൊരു ആശയവിനിമയോപാധി ഇല്ലെന്നു പറയാം. കൊള്ളലാഭം ലക്ഷ്യമാക്കുന്ന കച്ചവടങ്ങൾ മുതൽ മോക്ഷം ലക്ഷ്യംവയ്ക്കുന്ന മതങ്ങൾ വരെ പരസ്യകലയുടെ സ്വാധീനവും ശക്തിയും ചൂഷണം ചെയ്യുന്നുണ്ട്. അതായത് പരസ്യത്തെ ആശ്രയിക്കാതെ ഇന്നിവിടെ ഒന്നും നടക്കുന്നില്ല. പരസ്യരംഗത്ത് ആഗോളതലത്തിൽ ചെലവഴിക്കപ്പെടുന്ന രൂപയുടെ കണക്കെടുക്കുന്ന പക്ഷം നാം അത്ഭുത പരതന്ത്രരായിപ്പോകും. പരസ്യം എന്താണ്?എന്തിനാണ് ? എങ്ങനെയാണ് ? എന്നൊക്കെ ഒന്നു നോക്കിക്കാണുന്നത് വളരെ പ്രയോജനകരമായിരിക്കും.

ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് വാചികമായോ ലിഖിതരൂപത്തിലോ, ചിത്രണമായോ എന്തിന് ആംഗികമായിപ്പോലുമോ പരാമർശങ്ങൾ നടത്തി പരിചയപ്പെടുത്തുകയും ഗുണദോഷ നിരൂപണം നടത്തുകയും ഒക്കെ ചെയ്യുന്നതാണ് പരസ്യം. ഒരു മിഠായി വാങ്ങി ത്തിന്നിട്ട് അത് നല്ലതാണെന്ന് കൂട്ടുകാരോട് പറയുമ്പോൾ അത്



www.malankaralibrary.com

പരസ്യമാണ്. പറയുന്നയാളിന് പരസ്യം ചെയ്യുകയാണെന്ന അറിവില്ല. കേൾക്കുന്നയാൾക്ക് അത് പരസ്യമാണെന്ന ചിന്തയില്ല. മിഠായിക്കമ്പനിയുടെ ഉടമ ഇത്തരം ഒരു പരസ്യം അവിടെ നടക്കുന്നുവെന്ന് അറിയുന്നുമില്ല. ഇത്തരം പരസ്യങ്ങൾ ആരംഭിക്കുന്നത് മനുഷ്യൻ തിരിച്ചറിവുനേടി ആശയവിനിമയ പ്രക്രിയ ആരംഭിച്ചനാളിൽ തന്നെയാണെന്ന് പറയാം.

ലിഖിത രൂപത്തിലുള്ള പരസ്യങ്ങൾ കുറെക്കൂടി സോദ്ദേശ്യമാണ്. മനുഷ്യൻ ആലേഖന വിദ്യ വശമാക്കിയ നാൾമുതൽ ഇത്തരം പരസ്യങ്ങളും ഉണ്ടാകും. വഴിയോരങ്ങളിൽ പടുത്തുയർത്തിയിരിക്കുന്ന വലിയ കട്ടൗട്ടുകളിലും ബാനറുകളിലുമൊക്കെ എഴുതിയവ മാത്രമല്ല ലിഖിതരൂപത്തിലുള്ള പരസ്യങ്ങൾ. ബസ്സിനുള്ളിൽ പുകവലി പാടില്ല, എന്ന് എഴുതിവച്ചിരിക്കുന്നതും മതിലുകളിൽ 'പരസ്യം പതിക്കരുത്' എന്നെഴുതി വച്ചിരിക്കുന്നതും എല്ലാം പരസ്യമാണ്. പരസ്യങ്ങളില്ലെങ്കിൽ പത്രവ്യവസായം തകർന്നു തരിപ്പണമാകും. സ്മരണികകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും എന്തിനേറെ സ്കൂൾ മാസികകൾ പോലും പുറത്തിറങ്ങില്ല. തിരുനാൾ ആഘോഷങ്ങളുടെയും വാർഷികാഘോഷങ്ങളുടേയയുമൊക്കെ നോട്ടീസുകൾ പോലും പരസ്യത്തിൻെറ പച്ചയിലാണ് പുറത്തിറങ്ങുന്നത്.

റേഡിയോ , ടെലിവിഷൻ, തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചരണത്തോടെ പരസ്യകലയ്ക്ക് പുതിയൊരു മാനം കൈവന്നു. വിവിധ കലാരൂപങ്ങൾ പരസ്യകലയിൽ സമന്വയിക്കപ്പെട്ടു. ഉജാലക്കുപ്പിയുമായി നില്ക്കുന്ന കഥകളിയിലെ കഥാപാത്രവും ഹൃദയസ്പന്ദനം അനുകരിക്കുന്ന ഡിപ്പ് ഡിപ്പ് നീലക്കുപ്പിയും ന്യൂട്രീൻ ജനറൽ മാനേജർക്ക് ന്യൂട്രിൻ മിഠായി നൽകുന്ന കൊച്ചു മിടുക്കനും ബന്ധങ്ങളുടെ കെട്ടുറപ്പു കാട്ടുന്ന മലബാർ സിമൻറും ഒക്കെ അവതരിപ്പിക്കപ്പെടുമ്പോൾ ഏതെല്ലാം കലകളാണവിടെ ഇഴുകിച്ചേരുന്നത്. റേഡിയോ പരസ്യങ്ങളിൽ വാചിക രൂപത്തിനും സംഗീതത്തിനുമൊക്കെയാണ് പ്രാധാന്യം. 'രാധേ അതിമനോഹരമായിരിക്കുന്നു'' വെന്നു കേൾക്കുമ്പോൾത്തന്നെ ഇദയം നല്ലെണ്ണയുടെ ഗന്ധം അനുഭവപ്പെടാൻ തുടങ്ങും. ഇടതടവില്ലാത്ത അക്ഷരശ്ലോകങ്ങൾ



www.malankaralibrary.com

വെണ്മയുടെ കണ്ണഞ്ചിക്കുന്ന പ്രഭ പരത്തുന്നു. എന്തിനേറെ ഇതൊന്നുമില്ലെങ്കിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ ഉണ്ടോ? ഇല്ലെന്ന് നിസംശയം പറയാം.

സ്വന്തമായി റേഡിയോ ഉള്ളവരിൽ നിന്നെല്ലാം ലൈസൻസ് ഫീസ് പിരിച്ച് റേഡിയോ പ്രക്ഷേപണം നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എൺപതുകളിലാണ് അത് നിർത്തൽ ചെയ്തത്. ഇന്നും ആ രീതി തുടർന്നിരുന്നെങ്കിൽ പ്രതിവർഷം നാം എത്ര രൂപ നൽകേണ്ടിവരുമായിരുന്നു.? ഇന്ന് ആ ചെലവു മുഴുവൻ പരസ്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് വഹിക്കുന്നത്. അതുകൊണ്ടാണ് പരസ്യം ഇല്ലെങ്കിൽ ഈ ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് പിടിച്ചു നിൽക്കാനാകില്ല എന്നു പറഞ്ഞത്.

പരസ്യങ്ങൾ നൽകുന്നത് ഒരു ജീവകാരുണ്യപ്രവർത്തനമാണെന്നൊന്നും ചിന്തിക്കേണ്ട. ചെലവഴിക്കുന്ന തുകയുടെ നൂറിരട്ടി ലാഭം കൊയ്യാമെന്ന് ഉറപ്പുള്ളതുകൊണ്ടുമാത്രമാണ്. അഥവാ പരസ്യത്തിനു പണം ചെലവഴിച്ചെങ്കിലേ ലാഭമുണ്ടാകൂ എന്ന് ബോധ്യമുള്ളതുകൊണ്ടാണ്. നല്ല പരസ്യമുണ്ടെങ്കിൽ എന്തും ചെലവാകും. പരസ്യമില്ലെങ്കിൽ എത്ര നല്ലതാണെങ്കിലും അത് കച്ചവട സ്ഥാപനങ്ങളിലെ കണ്ണാടിച്ചില്ലുകൾക്കുള്ളിലിരുന്ന് തുരുമ്പു പിടിക്കും. ഒരർത്ഥത്തിൽ ചിന്തിച്ചാൽ ഇന്നു ലോകത്തിൻെറ മുക്കിലും മൂലയിലും സൃഷ്ടിക്കപ്പെടുന്ന ഉല്പന്നങ്ങൾ നമുക്കു പരിചയപ്പെടുത്തിത്തരുന്നത് പരസ്യങ്ങൾ തന്നെയാണ്. മനുഷ്യൻെറ അദ്ധ്വാനഭാരം ലഘൂകരിക്കുന്ന യന്ത്രങ്ങളെക്കുറിച്ചുള്ള അറിവും പരസ്യങ്ങളാണ് നൽകുന്നത്.

ഇതിനൊരു മറുവശമുണ്ട്. പ്രഭാതത്തിൽ അല്പം കഞ്ഞി കൊടുത്തു മക്കളെ സ്കൂളിൽ വിടാൻ കഷ്ടപ്പെടുന്ന ഒരു രക്ഷാകർത്താവ് കൂലിപ്പണി കഴിഞ്ഞു മടങ്ങുമ്പോൾ വഴിയരുകിലെ ടെലിവിഷൻ കണ്ടു നില്ക്കുമ്പോൾ സ്കൂളിൽ ഫസ്റ്റ് വാങ്ങിയ കുട്ടി, ജ്യോതിഷ് ബ്രഹ്മി കഴിക്കുന്നതു കാണുന്നു. കൂലികിട്ടിയ പണം കൊണ്ട് ജ്യോതിഷ് ബ്രഹ്മി വാങ്ങാൻ തീരുമാനിച്ചാൽ എന്തു സംഭവിക്കും? ദാരിദ്ര്യ ദുഃഖം കൊണ്ട് കഷ്ടപ്പെടുന്ന കുടുംബത്തിലെ കുട്ടികൾ ഹോർളിക്സ്

www.malankaralibrary.com

വേണമെന്നോ ബൂസ്ററ് വേണമെന്നോ നിർബന്ധം പിടിച്ചാൽ, രസ്നയേ കുടിക്കൂ എന്നു വാശിപിടിച്ചാൽ എന്തു സംഭവിക്കും? പാവപ്പെട്ടവൻെറ മാത്രം പ്രശ്നമല്ലിത്. പരസ്യങ്ങളിൽ കാണുന്ന എല്ലാം സ്വന്തമാക്കാൻ പരിശ്രമിക്കുന്ന ഏതൊരു വ്യക്തിയും ഇത്തരം പ്രതിസന്ധിയിൽപെടും.

പരസ്യം മനുഷ്യൻെറ ആവശ്യബോധം വർദ്ധിപ്പിക്കും. ഇല്ലായ്മകളുടെ പട്ടികയുടെ നീളം കൂട്ടി മനുഷ്യനെ അസ്വസ്ഥനാക്കും. പരസ്യം കണ്ടു മനുഷ്യൻ തെറ്റിദ്ധരിക്കപ്പെടുന്നു. എല്ലാറ്റിനുമുപരി പരസ്യത്തിൽ കാണുന്ന ഗുണഗണങ്ങളില്ലാതെ കബളിക്കപ്പെടുന്നു. ഗ്രാമീണ സംസ്ക്കാരം പാടേ തകർന്ന് ഒരു തരം കൃത്രിമ സംസ്ക്കാരത്തിൻെറ ആവിർഭാവത്തിന് പരസ്യങ്ങൾ വഴിയൊരുക്കും. ഈ വിപത്തുകളിൽ നിന്നും രക്ഷപെടാൻ എന്താണൊരു മാർഗ്ഗം? പരസ്യത്തെ പരസ്യമായിത്തന്നെ കാണുക. സ്വന്തം പശ്ചാത്തലത്തെ ശരിയ്ക്ക് വിചിന്തനം ചെയ്ത് എന്തെല്ലാം വേണം വേണ്ട എന്നു തീരുമാനിക്കുക. ഉല്പന്നങ്ങൾ വാങ്ങുന്നതിനുമുമ്പ് അവയുടെ ഗുണമേന്മയെക്കുറിച്ച് ശരിക്കു പഠിക്കുക. പരസ്യത്തിൻെറ ആകർഷകത്വമാകരുത് വിധികർത്താവ്.

പരസ്യ നിർമ്മാണവേല ഒട്ടനവധി തൊഴിലവരസങ്ങൾ ഒരുക്കുന്നു., കലാബോധവും നർമ്മബോധവും ഭാഷാഭിരുചിയുമൊക്കെയുള്ളവർക്ക് ജീവിതായോധനത്തിന് ഈ മേഖല സഹായകമാണ്.



www.malankaralibrary.com

# 8

# മാധ്യമങ്ങളുടെ ശക്തി

മാർഷൽ മാക്ക്ലുഹാൻ (Marshall Mcluhan) എന്ന ആശയ വിനിമയ ശാസ്ത്രജ്ഞൻ പറയുന്നത് മാധ്യമങ്ങൾ ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി (Global Village) ചുരുക്കിയിരിക്കുന്നു എന്നാണ്. പണ്ട് ലോകത്തു നടക്കുന്ന കാര്യങ്ങൾ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കൊണ്ടു നാം അറിഞ്ഞിരുന്നെങ്കിൽ ഇന്ന് നിമിഷനേരം കൊണ്ട് ഒരു ഗ്രാമത്തിൽ മനുഷ്യർ പരസ്പരം കാര്യങ്ങൾ അറിയുന്നതു പോലെ അറിയുന്നു. അമേരിക്കയിൽ നടക്കുന്ന ഫുട്ബോൾ കളി കാണാൻ അമേരിക്കയ്ക്കുപോകാതെതന്നെ വീട്ടിലിരുന്നു കാണാൻ സാധിക്കുന്ന അവസ്ഥ എത്രയോ അത്ഭുതാവഹമാണ്. സന്ദേശങ്ങൾ സഞ്ചരിക്കുന്നതിൻെറ വേഗത പണ്ടത്തേക്കാൾ പതിനായിരം മടങ്ങ് വർദ്ധിച്ചു. പ്രകാശത്തിൻെറ വേഗത ഒരു സെക്കൻറിൽ ഒരു ലക്ഷത്തി എൺപത്താറായിരം മൈലാണെങ്കിൽ അതേവേഗതയിൽ സന്ദേശങ്ങൾക്കും ന[illegible]ക്കാൻ സാധിക്കുന്നു., അനേകലക്ഷം ജനങ്ങൾക്ക് ചുരുങ്ങി[illegible]യം കൊണ്ട് സന്ദേശം എത്തിക്കുവാൻ മാധ്യമങ്ങൾക്കു സാധിക്കും. ഒരു രാഷ്ട്രത്തെ പുരോഗതിയിലേക്കു നയിക്കുവാനും നാശത്തിലേക്കു നയിക്കുവാനും മാധ്യമ സന്ദേശത്തിനു കഴിവുണ്ട്. രാഷ്ട്രത്തിൻെറ സാമൂഹിക സാംസ്ക്കാരിക-സാമ്പത്തി



www.malankaralibrary.com

ക മണ്ഡലങ്ങളെ ഇതു പെട്ടെന്നു സ്വാധീനിക്കുന്നു. ബ്രിട്ടീഷുകാർക്ക് തങ്ങളുടെ മേൽക്കോയ്മ ഇന്ത്യയിൽ സ്ഥാപിക്കുവാൻ സാധിച്ചതും, ഇറാക്ക് - കുവൈറ്റ് യുദ്ധത്തിൽ അമേരിക്ക നേട്ടങ്ങൾ കൊയ്തതും ശക്തമായ മാധ്യമ സാങ്കേതിക ശക്തികൊണ്ടാണ്. നിമിഷനേരം കൊണ്ട് വിജ്ഞാനം (Information) പകരുവാൻ സാധിക്കുന്ന മാധ്യമത്തിൻെറ ശക്തിയാൽ നന്മയും തിന്മയും സമൂഹത്തിൽ കടന്നു കൂടുന്നു. പണ്ട് കായികബലവും, പട്ടാളബലവുമൊക്കെ ഒരു രാഷ്ട്രത്തിൻെറ ശക്തിയായിരുന്നെങ്കിൽ ഇന്ന് മാധ്യമമാണ് ശക്തി.

വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണിത്. സമൂഹത്തിലെ അറിവും, വിദ്യാഭ്യാസവും വിനോദവുമെല്ലാം നിയന്ത്രിക്കുന്നത് മാധ്യമ വ്യവസായികളാണ്. മാധ്യമങ്ങളുടെ യഥാർത്ഥ ലക്ഷ്യം പണമല്ല. പിന്നെയോ അറിവില്ലാത്തവന് അറിവു പകർന്നു കൊടുക്കാനും, അനീതിയിലും ദാരിദ്ര്യത്തിലും കഴിയുന്നവരെ മോചിപ്പിക്കാനും മാധ്യമ വിജ്ഞാനത്തിന് കഴിയണം. മെച്ചമായ ജീവിത രീതിയും പരിസ്ഥിതി സംരക്ഷണവുമൊക്കെ മാധ്യമങ്ങൾ ഉയർത്തിപ്പിടിക്കണം.

ബഹുജന മാധ്യമത്തിലൂടെ ബഹുജനവിദ്യാഭ്യാസം സാധ്യമാകുന്നു. അതുകൊണ്ടാണ് പത്രങ്ങളിലും,റേഡിയോയിലും,ടി. വി. യിലും മറ്റും വിദ്യാഭ്യാസപരിപാടികൾ നാം കാണുന്നത്. ഒരു വ്യക്തിയുടെ വളർച്ചയിൽ സ്കൂൾ അവനു പരിശീലനം സിദ്ധിക്കാനുള്ള വേദിയാണ്. ഈ സ്കൂളിൻെറ ദൗത്യം ഒരു പരിധിവരെ മാധ്യമങ്ങളും ഏറ്റെടുത്തിരിക്കുന്നു.

മാധ്യമ വിദ്യാഭ്യാസം ഇനിയുള്ള കാലങ്ങളിൽ കൂടുതൽ ആകർഷണീയമാകണം. കാരണം ശ്രവണ മാധ്യമത്തെ മാത്രം അടിസ്ഥാനമാക്കിയ പഴഞ്ചൻ വിദ്യാഭ്യാസ രീതിയിൽ നിന്നും എല്ലാ ഇന്ദ്രിയങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ദൃശ്യ-ശ്രാവ്യ വിദ്യാഭ്യാസം കൂടുതൽ പഠനം സാധ്യമാക്കുന്നു. വിദ്യയാണ് സമൂഹത്തിൻെറ ശക്തി. ഈ ശക്തിയുള്ളവന് സമൂഹത്തിൽ പതറാതെ പിടിച്ചുനിൽക്കാനും വളർച്ചയിലേക്കു നീങ്ങാനും സാധിക്കും. മാധ്യമത്തിലൂടെ കടന്നു വരുന്ന വിദ്യാഭ്യാസം ഒരു ചെറിയ സമൂഹത്തിന്, അതായത് സമ്പന്നർക്കു വേണ്ടി മാത്രമുള്ളതാകുന്നു. അത് സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങ



www.malankaralibrary.com

ളെ സഹായിക്കുന്നതല്ല. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം മൂല്യപ്രചരണമായിരിക്കണം. ടി. വി. യിലെ സയൻസ് പരിപാടികൊണ്ടു തൃപ്തിപ്പെടാതെ ജീവിതത്തിൻെറ ഓരോ മേഖലയിലും കടന്നുചെന്ന് വ്യക്തിത്വ വളർച്ചയ്ക്കുള്ള വിദ്യാഭ്യാസ പരിപാടികൾ ഇനിയും മാധ്യമങ്ങൾ ആസൂത്രണംചെയ്യേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ ടെലിവിഷൻ ആദ്യമായി ഉപയോഗിച്ചത് വിദ്യാഭ്യാസം മുൻ നിർത്തി മാത്രമായിരുന്നു. എന്നാൽ ഇന്ന് പല ലക്ഷ്യങ്ങളിൽ ഒന്നായി വിദ്യാഭ്യാസ പരിപാടിയെ മാറ്റിയിരിക്കുന്നു.

**മാധ്യമം**

**വിജ്ഞാനം**
- വാർത്തകൾ
- ശാസ്ത്രസാങ്കേതിക രംഗത്തെ കണ്ടുപിടുത്തങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ
- വസ്തു സ്ഥിതി വിശകലനങ്ങൾ
- അഭിമുഖങ്ങൾ

**വിദ്യാഭ്യാസം**
- വിദ്യാഭ്യാസ പരിപാടികൾ
- യൂണിവേഴ്സിറ്റി കോഴ്സുകൾ
- അനൗപചാരിക വിദ്യാഭ്യാസം

**വിനോദം**
- വിവിധ തരം കലാപരിപാടികൾ
- സിനിമകൾ

വിജ്ഞാനവും വിദ്യാഭ്യാസവും മാത്രമല്ല പിന്നെയോ വിനോദവും മാധ്യമം ലക്ഷ്യം വയ്ക്കുന്നു. മനുഷ്യൻ ഒരു വികാര ജീവി എന്ന നിലയിൽ ഉല്ലാസവും, വിനോദവും, ഒക്കെ ആവശ്യമാണ്. ഈ ലക്ഷ്യം സാധ്യമാക്കുവാനാണ് മാധ്യമങ്ങൾ പരിശ്രമിക്കുക. എന്നാൽ

www.malankaralibrary.com

ലെ പ്രേക്ഷകരിൽ 85 ശതമാനവും വിനോദത്തിനു വേണ്ടിയാണ് ടെലിവിഷൻ കാണുക. അതുകൊണ്ടുതന്നെയാണല്ലോ വിജ്ഞാനം നൽകുന്ന വാർത്തകളുടെ സമയം നാം ഇടവേളയാക്കിക്കൊണ്ട് ടെലിവിഷന്റെ മുമ്പിൽ നിന്നും പോകുന്നത്. മറ്റു കാര്യങ്ങൾ ആ സമയം കൊണ്ട് തീർത്ത് വീണ്ടും വിനോദ പരിപാടികൾക്കായി ടി. വി. യുടെ മുമ്പിൽ നിലയുറപ്പിക്കുന്ന മനുഷ്യന്റെ ഈ താൽപര്യം ചൂഷണം ചെയ്തുകൊണ്ട് മാധ്യമൾ വിജ്ഞാനവും വിദ്യാഭ്യാസവും നൽകുന്ന പരിപാടികൾ കുറച്ച് വിനോദത്തിനു പ്രാധാന്യം കൊടുക്കുന്നു. ഇതു ശരിയായ രീതിയല്ല.

ചുരുക്കിപ്പറഞ്ഞാൽ മാധ്യമങ്ങൾക്ക് നന്മയുടെ വശങ്ങൾ ഉണ്ടെങ്കിലും ഇന്നു നന്മയെക്കാളേറെ തിന്മയാണ് പ്രചരിപ്പിക്കുന്നത്. ആ വിഷയത്തെക്കുറിച്ച് 'മാധ്യമ സ്വാധീനം' എന്ന അടുത്ത അധ്യായത്തിൽ നമുക്കു മനസ്സിലാക്കാം.



www.malankaralibrary.com

# 9

# മധ്യമങ്ങളുടെ സ്വാധീനം

ഇഷ്ടനായകനെ അനുകരിച്ച് ബാലൻ തൂങ്ങിമരിച്ചു. 1992 ജൂലൈ 21-ാം തീയതി ദീപിക പത്രത്തിൽ വന്ന ഒരു വാർത്തയുടെ തലക്കെട്ടാണിത്. വാർത്ത ഇങ്ങനെയായിരുന്നു. തോപ്പുംപടി : സിനിമയിലെ ഇഷ്ട നായകനെ അനുകരിച്ച് എട്ടുവയസ്സുകാരൻ തൂങ്ങിമരിച്ചു. ഭരത് ഗോപിയുടെ സംവിധാനത്തിൽ മോഹൻലാൽ അഭിനയിച്ച 'ഉത്സവപ്പിറ്റേന്ന്' എന്ന ചിത്രമാണ് കുരുന്നു ബാലനു പ്രേരകമായത്. ജൂലൈ 12 ന് ദൂരദർശൻ ഈ ചിത്രം സംപ്രേഷണം ചെയ്തിരുന്നു. മൂന്നാം ക്ലാസ്സു വിദ്യാർത്ഥിയായ ഈ കുട്ടി സിനിമയിൽ മോഹൻലാൽ ചെയ്തതു പോലെ ചെയ്തു. സിനിമയിൽ മോഹൻ ലാൽ അവതരിപ്പിച്ച 'അനിയൻ' എന്ന കഥാപാത്രം തൂങ്ങിമരിക്കുകയാണ്. ആരും ഇതുവരെ കാണിച്ചിട്ടില്ലാത്ത സർക്കസ് കാണിക്കാമെന്നു പറഞ്ഞ് മരത്തിൽ കയറിയശേഷം കുട്ടികളോട് കയ്യടിക്കാൻ ആവശ്യപ്പെടുന്ന കഥാപാത്രം കഴുത്തിൽ കയർ കുരുക്കി അവരുടെ മധ്യത്തിലേയ്ക്ക് ചാടുന്ന രംഗം കുരുന്നു മനസ്സിൽ പതിച്ചു. തനിക്കും മോഹൻ ലാലിനെപോലെ സർക്കസ്സ് കാണിക്കണമെന്നും തീരുമാനിച്ച ബാലൻ വീടിനകത്ത് ജനാലയിൽ കുരുക്കിട്ടു ചാടുകയായിരുന്നു. ബഹളം കേട്ട് ഓടിക്കൂടിയവർ



www.malankaralibrary.com

ലയിൽ കുരുക്കിട്ടു ചാടുകയായിരുന്നു. ബഹളം കേട്ട് ഓടിക്കൂടിയവർ ആശുപത്രിയിൽകൊണ്ടുപോയെങ്കിലും വഴിയ്ക്കുവച്ച് മരണം സംഭവിച്ചു നോക്കൂ, സിനിമയെന്ന മാധ്യമം ഒരു ബാലൻെറ ജീവൻ തന്നെ കവർന്നിരിക്കുന്നു.

ഒരു വ്യക്തിയുടെ വളർച്ചയെ സ്വാധീനിക്കുന്ന നാല് അടിസ്ഥാന ഘടകങ്ങളാണ് കുടുംബം, സ്കൂൾ, മതം, സമൂഹം. കുടുംബത്തിൽ നിന്നും അറിവുലഭിക്കുമ്പോൾ സ്കൂളിൽ നിന്നും പരിശീലനം നേടുന്നു. മതത്തിൽ നിന്നും മൂല്യങ്ങൾ കിട്ടുമ്പോൾ സമൂഹത്തിലൂടെ ബന്ധങ്ങൾ സ്ഥാപിക്കുന്നു. എന്നാൽ ഈ നാല് അടിസ്ഥാന ഘടകങ്ങളേയും അവഗണിച്ചുകൊണ്ട് ആധുനിക ലോകത്തിലെ ഏറ്റവും വലിയ ശക്തിയായി മാധ്യമം കടന്നുവന്നിരിക്കുന്നു. 'കുടുംബം, സ്കൂൾ, മതം, സമൂഹം, എന്നിവ നല്കുന്നതെല്ലാം ഞങ്ങൾ നല്കാം' എന്ന മനോഭാവത്തോടുകൂടി ആധുനിക മാധ്യമങ്ങൾ മനുഷ്യനെ സ്വാധീനിച്ചുകൊണ്ട് അവൻെറ വ്യക്തിത്വത്തെതന്നെ കീഴടക്കുകയാണ്.

മാധ്യമങ്ങളെ അനുസരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന് പറയാം. മാധ്യമങ്ങൾ പറയുന്ന കളികൾ നാം സ്വീകരിക്കുന്നു. ക്രിക്കറ്റിനെക്കുറിച്ച് നമുക്ക് നല്ലതുപോലെ അറിയാം. പക്ഷേ നാടൻ പന്തുകളി നമുക്കറിയില്ല. നാടൻ പന്തുകളി അറിഞ്ഞില്ലെങ്കിലും കുഴപ്പമില്ല, പക്ഷേ ക്രിക്കറ്റിനെക്കുറിച്ച് അറിയില്ലായെങ്കിൽ നാം സമൂഹത്തിൽ മണ്ടന്മാരായിചിത്രീകരിക്കപ്പെടുന്നു. കാരണം മാധ്യമം 'Project' --ചെയ്യുന്നത് ക്രിക്കറ്റാണ്. ഈ ക്രിക്കറ്റുകളി വിദ്യാർത്ഥികൾക്ക് എത്രമാത്രം നഷ്ടങ്ങളാണ് വരുത്തുന്നതെന്ന് നാം അറിയുന്നില്ല. ക്ലാസ്സിൽ പോകാതെ ക്രിക്കറ്റുകളി കാണുന്നവരും ക്ലാസ്സിലിരുന്നു ടി. വി. യിലെ ക്രിക്കറ്റു റിലേ ഭാവനയിൽ കാണുന്നവരും കുറവല്ല. അതുപോലെതന്നെ മാധ്യമങ്ങൾ പറയുന്നതു നാം വായിക്കുന്നു. ഏറ്റവും നല്ല മാസികകൾ മാധ്യമത്തിൻെറ ദൃഷ്ടിയിൽ മംഗളം, മനോരമ എന്നിവയാണ്. ചുരുക്കിപ്പറഞ്ഞാൽ വസ്ത്രധാരണത്തെയും ജീവിത രീതിയെ (life style) തന്നെയും മാധ്യമം ആഴത്തിൽ സ്വാധീനിച്ച് നമ്മുടെ അഭിപ്രായങ്ങൾ, ദർശനങ്ങൾ, മൂല്യങ്ങൾ എന്നിവയെ മാറ്റിമറിക്കുന്നു. ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്നുപോലും മാധ്യമങ്ങൾ



www.malankaralibrary.com

നമ്മെ അകറ്റുകയാണ്. ഭവനം സന്ദർശിക്കുക, ബന്ധം സ്ഥാപിക്കുക എന്നീ ജീവിത യാഥാർത്ഥ്യങ്ങളെക്കാൾ ഉപരിയായി നാം സമയം ചെലവഴിക്കുന്നത് T. V., സിനിമ മുതലായവ കാണാനും, സംഗീതം കേൾക്കാനുമായിട്ടാണ്.

മാധ്യമത്തിൻെറ സ്വാധീന വലയത്തിൽ നിന്നും നാം നമ്മെത്തന്നെ രക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വായനകൾ, പ്രവൃത്തികൾ, ചിന്തകൾ, എല്ലാം അവയാൽ നിയന്ത്രിക്കപ്പെടുന്നു. ഉദാ. നിങ്ങൾ ഉപയോഗിക്കുന്ന 'ചെത്ത്' എന്ന വാക്ക് എവിടെ നിന്നാണു ലഭിച്ചത്. കുടുംബത്തിൽ നിന്നോ? സ്കൂളിൽ നിന്നോ? മതത്തിൽ നിന്നോ? സമൂഹത്തിൽ നിന്നോ? ആദ്യമായി ഈ വാക്ക് ലഭിച്ചതു മാധ്യമത്തിൽ നിന്നാണ്. ജോസ്മോൻ തലയിൽ കണ്ണടവച്ച് നടന്നു നീങ്ങുന്ന പ്രവൃത്തികണ്ടപ്പോൾ ചോദിച്ചു എന്താ തലയ്ക്കാണോ അസുഖം? ആരു പറഞ്ഞു ജോസ് മോനോട് തലയിൽ കണ്ണട വയ്ക്കുവാൻ - കുടുംബമല്ല, സ്കൂളല്ല, മതമല്ല, സമൂഹമല്ല, പിന്നെയോ മാധ്യമമാണു പറഞ്ഞത്. നമ്മുടെ ചിന്തതന്നെ നാമൊന്നു പരിശോധിക്കുക, നാം ചിന്തിക്കുന്നത് അമേരിക്ക സ്വർഗ്ഗവും ആഫ്രിക്ക നരകവുമാണെന്നാണ്. ആരു പറഞ്ഞു- മാധ്യമങ്ങൾ പറഞ്ഞു.സത്യം അതാണോ?

മാധ്യമങ്ങൾ പറയുന്ന വസ്തുക്കൾ, സാധനങ്ങൾ, എന്നിവ നാം സ്വന്തമാക്കുന്നു.ഉദാ. ഏറ്റവു നല്ല ഷർട്ട് ഏതാണെന്നു ചോദിച്ചാൽ നാം പറയും City man Shirt ഏറ്റവും നല്ല നീലം - റീഗൽ തുള്ളി നീലം, ഏറ്റവും നല്ല ടയർ M. R. F. ആരു പറഞ്ഞു ഇവയൊക്കെ നല്ലതാണെന്ന്, സ്വന്തം അനുഭവത്തെക്കാൾ ഉപരിമാധ്യമങ്ങൾ പരസ്യത്തിലൂടെ നമ്മോടു പറയുന്നതുകൊണ്ടാണ് നാം ഇവയൊക്കെ നല്ലതാണെന്ന് കരുതുന്നുത്.

മാധ്യമങ്ങൾ പറയുന്നതെല്ലാം സത്യം എന്ന ചിന്ത നാം ഉപേക്ഷിക്കണം. ഉദാഹരണമായി പത്രങ്ങളുടെ കാര്യം തന്നെ എടുക്കാം. വിവിധതരത്തിലുള്ള പത്രങ്ങൾ നാം കാണുന്നുണ്ടല്ലോ. രാഷ്ട്രീയ പാർട്ടികളാൽ നിയന്ത്രിക്കപ്പെടുന്ന പത്രങ്ങൾ, വ്യക്തികൾ അല്ലെങ്കിൽ കമ്പനികളാൽ നിയന്ത്രിക്കപ്പെടുന്ന പത്രങ്ങൾ, മതങ്ങളാൽ നിയന്ത്രിക്കപ്പെട്ട



www.malankaralibrary.com

പത്രങ്ങൾ, ഓരോരുത്തരും താന്താങ്ങളുടെ ലക്ഷ്യങ്ങളും താൽപര്യങ്ങളും മുൻ നിർത്തിക്കൊണ്ടായിരിക്കും പത്രങ്ങൾ ജനങ്ങളിൽ എത്തിക്കുക. അങ്ങനെയെങ്കിൽ പത്രത്തിൽ വരുന്നതെല്ലാം സത്യം എന്ന് എങ്ങനെ നമുക്കു പറയുവാൻ സാധിക്കും. മാധ്യമങ്ങൾ നമ്മുടെ ആധ്യാത്മിക ജീവിതത്തെ മാറ്റി മറിച്ചിരിക്കുന്നു. വിദ്യാഭ്യാസ ജീവിതത്തെക്കാൾ ഉപരി മാധ്യമങ്ങൾ നൽകുന്ന ജീവിത ശൈലി നാം സ്വായത്തമാക്കിയിരിക്കുന്നു. പ്രാർത്ഥന എന്നത് ദൈവം നമ്മിൽ പ്രവർത്തിക്കുന്ന ഒരു പ്രവൃത്തി എന്നതിനേക്കാളുപരി ദൈവത്തിനുവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തിയായി തരം താഴ്ത്തപ്പെടുന്നു. അതുകൊണ്ടാണല്ലോ ടി. വി. യിലെ പരിപാടികൾ അവേശത്തോടെ കണ്ടതിനു ശേഷം പ്രാർത്ഥന അലസമായി ചൊല്ലിക്കൂട്ടുവാൻ തിടുക്കം കൂട്ടുകയും ചെയ്യുന്നത്.

കുടുംബബന്ധങ്ങൾ തകർക്കുന്നതിൽ ഒരു പരിധിവരെ മാധ്യമങ്ങൾക്കും പങ്കുണ്ട്. കൂടുമ്പോൾ ഇമ്പം ഉള്ളതാണല്ലോ കുടുംബം. കേബിൾ ടി. വി. യിലൂടെ കടന്നുവരുന്ന മിക്ക പരസ്യങ്ങളും നാം ശ്രദ്ധിച്ചാൽ കൂടുമ്പോൾ മദ്യമുള്ളതാണ് കുടുംബം എന്നു തോന്നിപ്പോകും. കാരണം മിക്ക പരസ്യങ്ങളും മദ്യത്തെക്കുറിച്ചുള്ളതും അവിടെ കുടുംബങ്ങളെ പ്രതിഷ്ഠിക്കുന്നതുമാണ്. മാനസികമായ സംഘർഷങ്ങൾ കുടുംബാന്തരീക്ഷത്തിൽ പരിഹരിക്കുവാൻ ശ്രമിക്കാതെ പ്രശ്നങ്ങൾ ഉള്ളിലൊതുക്കി ടി. വി. യുടെ മുമ്പിൽ ഇരുന്ന് സമയം പാഴാക്കുന്ന ഒരവസ്ഥയിലേക്ക് നമ്മുടെ കുടുംബങ്ങൾ അധഃപതിച്ചിരിക്കുന്നു.

വ്യക്തിപൂജ, മോഷണം, അക്രമം, കൊലപാതകം, മുതലായവയും സമൂഹത്തിൽ പെരുകുന്നതിൻെറ പിന്നിൽ മാധ്യമങ്ങളുടെ പങ്ക് മറച്ചുവയ്ക്കുക സാധ്യമല്ല. സിനിമാതാരങ്ങളെ ആരാധനാ പാത്രങ്ങളാക്കുകയും സിനിമകളിലൂടെ പുതിയ പുതിയ അക്രമ മോഷണ കൊലപാതക ശൈലികൾ സ്വന്തമാക്കുകയും ചെയ്യുന്ന ആധുനിക തലമുറ നാശത്തിലേക്കാണു നീങ്ങുക. നിയന്ത്രണമില്ലാത്ത പ്രേമ പ്രകടനങ്ങളിലൂടെ ലൈംഗിക ചൂഷണം നടത്തി സത്യത്തിൻെറ മുഖംമൂടി ധരിച്ചു കടന്നുവരുന്ന ഈ മാധ്യമ രാക്ഷസന്മാരെ വിജ്ഞാനത്തോടും വിവേകത്തോടും കൂടി നമുക്ക് നേരിടാൻ സാധിക്കട്ടെ.

---



www.malankaralibrary.com

# 10

# മാധ്യമങ്ങളും മൂല്യങ്ങളും

അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന ജാക്സനെ ഒരു ദിവസം കാണാനില്ല. മാതാപിതാക്കന്മാർ വേദനയോടെ നാലുപാടും അന്വേഷിക്കുവാൻ ഓടി. സ്കൂളിൽചെന്ന് അവനെ പഠിപ്പിക്കുന്ന സിസ്റ്ററിനോടു ചോദിച്ചു. അടുത്തുള്ള എല്ലാ വീടുകളിലും അന്വേഷിച്ചു. കിണറ്റിൽ തപ്പി, അവസാനം പോലീസിൽ വിവരം അറിയിച്ചു. റെയിൽവേ സ്റ്റേഷനിൽ വെച്ച് പോലീസ് അവനെ കണ്ടെത്തി. അവനോടു ചോദിച്ചു " നീ എന്തുകൊണ്ടാണ് വീടുവിട്ടിറങ്ങിയത്? അവൻ പറഞ്ഞു ' 'എൻെറ വീട് ടി. വി. ഇല്ലാത്ത വീടാണ് അതുകൊണ്ട് എൻെറ വീട് കൊള്ളത്തില്ല ഞാൻ വീട്ടിൽ നിന്നും പുറപ്പെട്ടുപോന്നു.,

പ്രിയപ്പെട്ട കൂട്ടുകാരെ ജാക്സൻെറ മനോഭാവം അറിഞ്ഞും അറിയാതെയും നമ്മിൽ കടന്നുകൂടിയിട്ടുണ്ട്. പണ്ട് പ്രാർത്ഥനയില്ലാത്ത സ്നേഹമില്ലാത്ത വീടാണ് കൊള്ളാത്ത വീടായി ചിത്രീകരിക്കപ്പെട്ടിരുന്നതെങ്കിൽ ഇന്ന് ടി. വി.,കാറ്, ഫ്രിഡ്ജ് ഇവ ഇല്ലാത്ത വീടാണ് കൊള്ളാത്ത വീടായി ചിത്രീകരിക്കപ്പെടുന്നത്. മതം നൽകുന്ന മൂല്യങ്ങളെ മറന്ന് മാധ്യമം നൽകുന്ന മൂല്യങ്ങളെ സ്വീകരിക്കുവാൻ നാം തയ്യാറാകുന്നതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. അതുകൊണ്ട് മൂല്യങ്ങൾ

www.malankaralibrary.com

എന്താണെന്നും മതവും മാധ്യമവും മൽകുന്ന മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്നും ഈ അധ്യായത്തിൽ നമുക്കു ചർച്ചചെയ്യാം.

മൂല്യങ്ങളെ പൊതുവായി മൂന്നു ഗണങ്ങളായി തിരിക്കാം. 1. പദാർത്ഥാത്മക മൂല്യങ്ങൾ (Material Values) പണം കൊടുത്തു വാങ്ങി സൂക്ഷിക്കാവുന്ന പദാർത്ഥങ്ങൾ എല്ലാം ഇതിൽപെടുത്താം. ഉദാ. പണം സ്വർണ്ണം, ടി. വി. കാറ്, തുടങ്ങിയവ, 2. അതി ഭൗതിക മൂല്യങ്ങൾ (Abstract Values) ഉദാ. പേര്, സ്ഥാനമാനങ്ങൾ, പദവി, അധികാരം മുതലായവ. 3. ആത്മീയ. - ധാർമ്മിക മൂല്യങ്ങൾ (Spiritual and Moral Values) ദൈവ വിശ്വാസം, പ്രാർത്ഥന, സ്നേഹം, നീതി, ദേശഭക്തി, ഗുരുഭക്തി മതസൗഹാർദ്ദം മുതലായവ ഈ ഗണത്തിൽ പെടുത്താം.

ജാസ്മിൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയാണ്. മുടി ബോബ് ചെയ്തിരിക്കുന്നു അവൾതന്നെയാണ് മുടി വെട്ടുക. ഒരിക്കൽ മുടിവെട്ടിയപ്പോൾ അൽപം കൂടുതൽ മുടിപോയി. കണ്ണാടിയിൽ തന്റെ മുടിയുടെ കുറവുകണ്ടപ്പോൾ ആ കുട്ടിപോയി ആത്മഹത്യ ചെയ്തു. ആൽഫിയുടെ പ്രശ്നം മറ്റൊന്നാണ് ''സ്വർണ്ണം കഴിത്തിലില്ലാതെ ഞാൻ എങ്ങനെ സ്കൂളിൽപോകും.?''. ജോസ്മോൻ പറയുന്നത് ''City man'' ഷർട്ടില്ലാതെ ഞാൻ എങ്ങനെ കൂട്ടുകാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടും?: നോക്കൂ, തലമുടി, സ്വർണ്ണം, വസ്ത്രം എന്നീ പദാർത്ഥാത്മക മൂല്യങ്ങളുടെ അടിമത്തത്തിലായിരിക്കുന്ന വിദ്യാർത്ഥികൾ എത്രയാണ്!. മാധ്യമം പറയുന്നു മനുഷ്യന് സ്റ്റാറ്റസ് ഉണ്ടാകണമെങ്കിൽ പദാർത്ഥാത്മക, അതിഭൗതിക മൂല്യങ്ങൾ ജീവിതത്തിലുണ്ടാകണം.

മതം പറയുന്നു മനുഷ്യന്റെ സ്റ്റാറ്റസ് എന്നാൽ ആത്മീയ, ധാർമ്മിക മൂല്യങ്ങൾ ജീവിതത്തിൽ ഉണ്ടാവുക എന്നതാണ്. ഗാന്ധിജിയും, മദർ തെരേസയും ജീവിതത്തിൽ സ്റ്റാറ്റസ് ഉള്ളവരായിരുന്നു. കാരണം ആദ്യമായി അവർ സ്വീകരിച്ചത് ആത്മീയ - ധാർമ്മിക മൂല്യ



www.malankaralibrary.com

ങ്ങളാണ്. ആത്മീയ-ധാർമ്മിക മൂല്യങ്ങളെ സ്വന്തമാക്കിയപ്പോൾ അവർക്ക് പദാർത്ഥാത്മക മൂല്യങ്ങളും, അതിഭൗതികമൂല്യങ്ങളും കിട്ടി, ഉദാ. ധാരാളം സാമ്പത്തിക സഹായങ്ങൾ ലഭിച്ചു, പേരും പ്രശസ്തിയും ഉണ്ടായി. വി. ഗ്രന്ഥം പറയുന്നു "നീ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം." (മത്താ. 16:26) ജീവിതത്തിൽ പദാർത്ഥാത്മക അതിഭൗതിക മൂല്യങ്ങൾ ഉണ്ടായിരിക്കയും ആത്മാവിൻെറ മൂല്യങ്ങളും ധാർമ്മിക മൂല്യങ്ങളും ഇല്ലാതിരിക്കുകയും ചെയ്താൽ നാം ഒന്നും നേടിയിട്ടില്ല.

ഡയാന ആധുനിക മാധ്യമങ്ങളുടെ സ്വാധീനത്താൽ അണിഞ്ഞൊരുങ്ങി നടന്നുപോകുന്നതു കണ്ടപ്പോൾ ഞാൻ ചോദിച്ചു. 'മോളേ എന്താ വല്ല സിനിമാ ഷൂട്ടിംഗിനും പോവുകയാണോ" അല്ല ഞാൻ പള്ളിയിൽ പോവുകയാണ്".ശരീരത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് ആത്മാവിനെ മറന്നു ജീവിക്കുന്ന ധാരാളം വിദ്യാർത്ഥികളെ നമുക്കു കണ്ടുമുട്ടാൻ സാധിക്കും. ആത്മാവ് എങ്ങനെയായാലും കുഴപ്പമില്ല, ശരീരം മനോഹരമായിരിക്കണം. അതിനായി മാധ്യമങ്ങളെ അനുകരിച്ച് മാധ്യമഫാഷനുകളും, ശൈലികളും, സ്വീകരിക്കുമ്പോൾ മാധ്യമം നൽകുന്ന മൂല്യങ്ങൾക്ക് നാം അടിമകളാവുകയാണ് . ഇതിൽ നിന്നും മോചനമുണ്ടാകണമെങ്കിൽ ശരിയായ മനുഷ്യദർശനം നമുക്കുണ്ടാകണം.

മനുഷ്യൻ എന്നു പറയുന്നത് ശരീരം, ബുദ്ധി, വികാരം, ആത്മാവ്, എന്നീ ഘടകങ്ങളോടു കൂടിയവനാണ്. ആധുനിക മാധ്യമങ്ങൾ മനുഷ്യൻെറ ശരീരത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് ബുദ്ധിയെ സാരമായി സ്വാധീനിക്കയും, വികാരത്തെ അമിതമായി ചൂഷണം ചെയ്യുകയും, ആത്മാവിനെ പൂർണ്ണമായി മറക്കുകയും ചെയ്യുന്നു. "മാധ്യമങ്ങൾ വളരുന്നു. മാലിന്യങ്ങൾ കുന്നുപോലെ കൂടുന്നു." ജീവിത മൂല്യങ്ങളെ മറന്ന് ജീവനില്ലാത്ത സ്റ്റാറ്റസ് എന്ന മൂല്യത്തെ അതായത് കണ്ണട തലയിൽ വച്ച് മൈക്കിൾ ജാക്സനെപ്പോലെ നടക്കുന്നതും, മറഡോണയെപ്പോലെ കമ്മൽ ധരിക്കുന്നതും ആയ സ്റ്റാറ്റസിനെ വലു

www.malankaralibrary.com

തായി കണ്ട് അവയെ മൂല്യങ്ങളാക്കി സ്വീകരിച്ചാൽ ജീവിതം തകർച്ചയിലേയ്ക്കാകും നീങ്ങുക. ഇവിടെ ക്രിസ്തീയ മൂല്യം എന്ന നാലാമതൊരു മൂല്യമുണ്ട്. അതിനെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാം.



www.malankaralibrary.com

# 11

# മാധ്യമങ്ങളും ക്രൈസ്തവ മൂല്യങ്ങളും

ആദ്യ അധ്യായങ്ങളിൽ മാധ്യമങ്ങളുടെ വികാസ ചരിത്രത്തിന്റെ ഏകദേശരൂപവും അവയ്ക്ക് ആധുനിക യുഗത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനവും നാം നോക്കിക്കാണുകയായിരുന്നു. വളരുന്നതലമുറ അവരെ സ്വാധീനിക്കുന്ന ബാഹ്യഘടകങ്ങളിൽ നിന്നാണ് മൂല്യങ്ങൾ സ്വരുക്കൂട്ടുക. മുൻ കാലങ്ങളിൽ കുടുംബം, സമൂഹം, വിദ്യാലയം, ദേവാലയം തുടങ്ങിയ ഘടകങ്ങളായിരുന്നു മൂല്യബോധം ഉണ്ടാക്കിയെടുത്തിരുന്നത്. മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും സമൂഹത്തിലെ ഗുരുസ്ഥാനീയരുടെയും, വൈദികരുടേയും സന്യാസിനികളുടെയുമൊക്കെ വാക്കുകളിലും പ്രവൃത്തികളിലും അന്തർഭവിച്ചിരുന്ന മൂല്യങ്ങൾ കുഞ്ഞുങ്ങൾ പിഞ്ചു പ്രായം മുതൽ സ്വായത്തമാക്കാൻ തുടങ്ങും. എന്നാൽ ഇന്ന് ഇത്തരം വ്യക്തികളുടെ സ്വാധീനം കുറഞ്ഞുവരികയാണ്. തൽസ്ഥാനത്ത് ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ കടന്നുവന്നിരിക്കുന്നു.

അല്പം സമയം കിട്ടിയാൽ കുടുംബാംഗങ്ങളുമായി ആശയവി



www.malankaralibrary.com

നിമയം നടത്തുന്ന സംസ്ക്കാരം നമുക്ക് നഷ്ടമാകുകയാണ്. ഫലമോ മൂല്യങ്ങളും കാഴ്ചപ്പാടുകളും അടുത്ത തലമുറയ്ക്കുപകർന്നു നൽകാനുള്ള സുവർണ്ണാവസരം കുടുംബാന്തരീക്ഷത്തിൽ നഷ്ടമായിത്തീരുന്നു. ക്രൈസ്തവ മൂല്യങ്ങൾ ഇല്ലാതെ വളർന്നാൽ നമ്മുടെ ക്രൈസ്തവ ജീവിതവും ജീവിത ലക്ഷ്യവും നമുക്ക് നഷ്ടമായിത്തീരും.

മാധ്യമങ്ങൾ പകർന്നു നൽകുന്ന മൂല്യങ്ങളുടെ വെളിച്ചത്തിൽ യഥാർത്ഥ ക്രൈസ്തവ മൂല്യങ്ങളെക്കുറിച്ച് ഒരു അന്വേഷണം നടത്തുക വളരെ ഉചിതമാണ്. വിവിധതരം മൂല്യങ്ങളെ നാം മുൻ അധ്യായത്തിൽ നോക്കിക്കണ്ടു. അതിൽ പദാർത്ഥാത്മക മൂല്യങ്ങളും അതിഭൗതിക മൂല്യങ്ങളും കാണിച്ചുതരാനും അവയുടെ പ്രാധാന്യം പെരുപ്പിച്ച് കാണിക്കാനും മാധ്യമങ്ങൾ വളരെയേറെയത്നിക്കുന്നുണ്ട്.

ആത്മീയ ധാർമ്മിക മൂല്യങ്ങൾ പ്രദാനം ചെയ്യുന്നതിൽ മാധ്യമങ്ങൾക്കെന്തു പങ്കുണ്ട്? പങ്കില്ല എന്നു മാത്രമല്ല, വിരുദ്ധമായ പ്രവർത്തനമാണ് നടന്നുവരുന്നത്.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഈശോയാണ് മൂല്യങ്ങളുടെ ആകെത്തുകയും മാതൃകയും. വാക്കുകളെയും പ്രവൃത്തികളേയും സമന്വയിപ്പിച്ച് അനുകരണ യോഗ്യമായ ഒരു കർമ്മ പദ്ധതി അവിടുന്ന് നമുക്ക് പകർന്നു നൽകിയിരിക്കുകയാണ്.

മറ്റുള്ളവർക്കുവേണ്ടി ജീവിക്കാനും അവരോടുള്ള സ്നേഹത്തെ പ്രതി ജീവൻ ത്യജിക്കുവാനും സന്നദ്ധത കാട്ടിയ ഈശോ സമൂഹ ജീവിതത്തിൽ നമുക്ക് മാർഗ്ഗദർശിയാകണം. സ്വജീവിതത്തിലൂടെ അവിടുന്ന് കാട്ടിത്തന്ന മൂല്യങ്ങൾ നമുക്കൊന്ന് നോക്കിക്കാണാം.

## നിസ്വാർത്ഥത

ദൈവത്വം വെടിഞ്ഞ് മനുഷ്യാവസ്ഥ സ്വീകരിക്കുകയും സാധാരണ മനുഷ്യരെപ്പോലെ ജീവിക്കുകയും മനുഷ്യമക്കളുടെ പാപ പരിഹാരാർത്ഥം സ്വജീവൻ ബലികഴിക്കുകയും ചെയ്ത ഈശോയു



www.malankaralibrary.com

ടെ ജീവിതം നിസ്വാർത്ഥത എന്ന മൂല്യം നമ്മിലേയ്ക്ക് പകരുന്നു. സ്വാർത്ഥതയാണ് സമൂഹത്തെ നശിപ്പിക്കുന്ന, മനുഷ്യ ജീവിതത്തിന്റെ സമാധാനം കെടുത്തുന്ന ഒരു വലിയ തിന്മ - ഈ തിന്മയുടെ വേരുകൾക്ക് ബലം നൽകാനല്ലേ മാധ്യമങ്ങൾ ഇന്ന് പരിശ്രമിക്കുന്നത്?

## ക്ഷമ

ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കുക എന്ന സന്ദേശമാണ് ഈശോ നമുക്കു നൽകുന്നത് മഗ്ദലന മറിയത്തോടും സ്വന്തം കരണത്തടിച്ചവരോടും തന്നെ അധിക്ഷേപിച്ചവരോടും യൂദാസിനോടുപോലും ക്ഷമിക്കുന്ന ഈശോ നമ്മുടെ ജീവിതത്തിൽ പകർന്നുതരുന്നത് അതിരുകളില്ലാതെ ക്ഷമിക്കാനുള്ള സന്ദേശമാണ്. മാധ്യമങ്ങളോ? ഏതെങ്കിലും സീരിയലിൽ അല്ലെങ്കിൽ സിനിമയിൽ ക്ഷമയുടെ നിദർശനം നിങ്ങൾകണ്ടിട്ടുണ്ടോ? അതോ പ്രതികാരത്തിലൂടെ വിജയം കൊയ്യുന്ന നായകനെയാണോ നിങ്ങൾ കണ്ടിട്ടുള്ളത്. പ്രതികാരം ചെയ്യാൻ കഴിയാത്ത ചില സന്ദർഭങ്ങൾ കാണാനാകും അവിടെ തന്റെ കഴിവില്ലായ്മയിൽ നിരാശത പൂണ്ട് പിന്തിരിയുകയായിരിക്കാം. ഇത് രണ്ടുമല്ല നമ്മുടെ നായകൻ നമുക്ക് നൽകുന്ന സന്ദേശം.

## കരുണ

കരുണയുള്ളവർ ഭാഗ്യവന്മാർ അവർക്ക് കരുണ ലഭിക്കും. (മത്തായി 5:7) മലയിലെ പ്രസംഗത്തിൽ ഈശോ നൽകിയ സന്ദേശമാണിത്. ഈശോയുടെ ജീവിതവും കരുണയുടെ സന്ദേശമാണ് നമുക്ക് നൽകുന്നത്. കുരുടരോടും ചെകിടരോടും കുഷ്ഠരോഗികളോടും തളർവാതരോഗികളോടും അവിടുന്ന് കരുണകാണിക്കുന്നു. ദൈവകോപത്തിനു പാത്രമായിത്തീർന്നതിന്റെ പേരിൽ സമൂഹത്തിൽ നിന്ന് അകറ്റപ്പെട്ടിരുന്നവരോടാണ് ഈശോ ഇപ്രകാരം കരുണ കാട്ടിയത്. ഇത്തരമൊരു സന്ദേശം നൽകാൻ ആധുനിക മാധ്യമങ്ങൾക്ക് എത്രത്തോളം കഴിയുന്നുണ്ട്?



www.malankaralibrary.com

## സേവനം

മറ്റുള്ളവരെ ശുശ്രൂഷിക്കാനുള്ള മനോഭാവം നമുക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. ശുശ്രൂഷിക്കപ്പെടാനും അതിൽ ആനന്ദം കൊള്ളാനുമാണ് നാം അഭിലഷിക്കുക. ''മനുഷ്യപുത്രൻ വന്നിരിക്കുന്നത് സേവിക്കപ്പെടാനല്ല; സേവിക്കാനാണ് അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പു വിലയായി നൽകാനാണ്'' (മത്തായി 20 : 25) ഈശോ നൽകുന്ന മൂല്യം നോക്കൂ (മത്തായി 20:28) ഈശോയുടെ ജീവിത സാക്ഷ്യവും നമ്മുടെ ജീവിതാനുഭവവും തമ്മിലുള്ള അന്തരം നോക്കൂ.

## നീതി

നീതിയ്ക്കു വേണ്ടി പോരാടാനും സഹിക്കാനും നമ്മെ ഉത്തരവാദിത്വപ്പെടുത്തുന്നതാണ് നമ്മുടെ ക്രൈസ്തവ ജീവിതം. എല്ലാ പ്രതിബന്ധങ്ങളെയും മറന്ന് നീതിക്കുവേണ്ടി അടരാടാൻ ഈശോ നാഥനു കഴിഞ്ഞു. നമ്മുടെ ജീവിതത്തിലെ നിസ്സാര സന്ദർഭങ്ങളിലെങ്കിലും നമുക്ക് അത് സാധിക്കുന്നുണ്ടോ?

## സഹാനുഭൂതി

ലൂക്കായുടെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ 29 മുതൽ 37 വരെ വാക്യങ്ങളിൽ വിവരിക്കുന്ന നല്ല ശമറായക്കാരൻെറ കഥ അറിയാത്തവർ വിരളമായിരിക്കും. സഹോദരൻെറ ദുഃഖത്തിൽ സഹാനുഭൂതികാട്ടാൻ ഈശോനാഥൻ നൽകുന്ന ഈ ആഹ്വാനം ഉൾക്കൊള്ളാൻ നമുക്ക് എത്രമാത്രം കഴിയുന്നുണ്ട്. ഈ സഹാനുഭൂതിയെന്ന മൂല്യം നമുക്ക് പകർന്നുതരാൻ നമ്മുടെ മാധ്യമങ്ങൾക്ക് എത്രത്തോളം സാധിക്കുന്നുണ്ട്?

## സ്നേഹം

ബൈബിളും ഈശോയുടെ ജീവിതവും നമുക്ക് കാട്ടിത്തരുന്നത്



www.malankaralibrary.com

സ്നേഹത്തിന്റെ സന്ദേശമാണ്. തമ്മിൽ തമ്മിൽ സ്നേഹിക്കാനും തന്നെക്കാളുപരി മറ്റുള്ളവരെ സ്നേഹിക്കാനും ഈശോ നമ്മെ ആഹ്വാനം ചെയ്യുന്നു. വി. പൗലോസ്ശ്ലീഹാ കൊറീന്ത്യർക്ക് എഴുതിയ ലേഖനം 13-ാം അദ്ധ്യായം സ്നേഹത്തിന്റെ മനോഹാരിതയാണ് വരച്ചുകാട്ടുന്നത്. മാധ്യമം നമുക്കു നൽകുന്ന പാഠം എന്താണ്? പരസ്നേഹത്തിന്റെ കണികപോലും തൊട്ടുതീണ്ടാത്ത നിരവധി പരമ്പരകളാണ് നമ്മുടെ വിനോദ വേളകളിൽ നമുക്ക് ലഭിക്കുന്നത്. ഇവിടെ നാമറിയാതെ നമ്മുടെ ചിന്തകളെ മാധ്യമം കീഴ്പ്പെടുത്തുകയാണ്.

ക്രൈസ്തവ മൂല്യങ്ങളിൽ ചിലതിനെ ഒന്നു സൂക്ഷ്മ വിചിന്തനം ചെയ്യുകയായിരുന്നു നാം. സത്യം, വിശ്വസ്തത, ദൈവാശ്രയം, സമാധാനം തുടങ്ങിയ മൂല്യങ്ങളുടെ അവസ്ഥയും സ്വയം വിശകലനവിധേയമാക്കാവുന്നതാണ്.

ഈ അദ്ധ്യായത്തിന്റെ ആരംഭഭാഗത്ത് പ്രസ്താവിച്ചതുപോലെ ഇത്തരം മൂല്യങ്ങൾ നമുക്ക് പകർന്ന് തരുന്ന കുടുംബം, ദേവാലയം, വിദ്യാലയം, തുടങ്ങിയ ഘടകങ്ങൾക്ക് പിഞ്ചുതലമുറയുടെ മേലുള്ള സ്വാധീനം തകരുന്നതും ഇത്തരം മൂല്യങ്ങൾക്ക് വിരുദ്ധമായ ദർശനങ്ങൾ നൽകുന്ന മാധ്യമങ്ങൾക്കുള്ള സ്വാധീനം വർദ്ധിക്കുന്നതുമായ അവസ്ഥ നമ്മുടെ സമൂഹ ജീവിതത്തിലും ക്രൈസ്തവ ജീവിതത്തിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

## മാധ്യമങ്ങളെ ബഹിഷ്ക്കരിക്കരുത്.

മാധ്യമങ്ങളുടെ ദൂഷ്യവശങ്ങളും അവസൃഷ്ടിച്ചേക്കാവുന്ന അരാചകത്വവും കേൾക്കുന്ന നിങ്ങൾ മാധ്യമങ്ങളെ ബഹിഷ്ക്കരിക്കാനല്ല തീരുമാനമെടുക്കേണ്ടത്.

മാധ്യമങ്ങൾ ആധുനിക ജീവിതത്തിന്റെ ഭാഗം തന്നെയാണ്. പുതിയ പുതിയ സങ്കേതങ്ങൾ കണ്ടെത്താനും ഉപയോഗിക്കാനുമുള്ള കഴിവ് നമുക്ക് നൽകുന്നത് ദൈവമാണ്. ആ അർത്ഥത്തിൽ ഇത്തരം

www.malankaralibrary.com

മാധ്യമങ്ങളെ ഉപയോഗിക്കാനുള്ള അവകാശവും നമുക്ക് നൽകുന്നത് ദൈവമാണ്.

ഏതൊരു ദൈവിക ദാനത്തെയും നാം സ്വീകരിക്കുമ്പോൾ അതിനു പിന്നിലുള്ള ദൈവഹിതത്തേയും കൂടി ഓർക്കണമെന്നുമാത്രം. എന്തിനെയും ശരിയായ തരത്തിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം.

മാധ്യമങ്ങൾ സമൂഹത്തിന് അറിവു പകരുന്നതും നിർദ്ദോഷമായ വിനോദം നൽകുന്നതുമായിരിക്കണം. ഇന്ന് ആ അവസ്ഥയിലല്ല നമ്മുടെ മാധ്യമങ്ങൾ. പരസ്യം ലഭിക്കുക, മനുഷ്യമനസ്സിനെ തത്ത്വദീക്ഷയില്ലാതെ ആകർഷിക്കുക, കൂടുതൽ പ്രേക്ഷകരെ നേടുക തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാധ്യമങ്ങളുടെ പ്രവർത്തനപഥം മറ്റൊരു തരത്തിലായിരിക്കുന്നു. അപ്പോൾ കൂടുതൽ വിവേചന ബുദ്ധിയോടെ മാധ്യമത്തെ വിലയിരുത്തണം., വീക്ഷിക്കണം. നല്ലതിനെ ഉൾക്കൊള്ളാനും ചീത്തയെ അതർഹിക്കുന്ന അവജ്ഞയോടെ പുറം തള്ളാനും നമുക്ക് സാധിക്കണം. അതായത് മാധ്യമങ്ങൾ നൽകുന്ന മുഴുവൻ നന്മകളും നാം നേടിയെടുക്കണം.



www.malankaralibrary.com

# 12

# മാധ്യമ ജാഗ്രത

## ബൈബിൾ വീക്ഷണത്തിൽ

ക്രൈസ്തവ ജീവിതത്തിൻെറ അടിസ്ഥാനം ദൈവത്തോടും മനുഷ്യനോടുമുള്ള ഒരു വിശ്വാസിയുടെ ബന്ധമാണ്. ഈ ബന്ധം ഒരു ധർമ്മത്തിലേയ്ക്കാണ് അവനെ നയിക്കുക. സത്യം , നീതി, സ്നേഹം, തുടങ്ങിയ എല്ലാ അടിസ്ഥാനമൂല്യങ്ങളുടേയും ആകെത്തുകയാണ് ധർമ്മം. എല്ലാവരും ദൈത്തിൻെറ മക്കളാണെന്നും നാമെല്ലാം സഹോദരീസഹോദരന്മാരാണെന്നുമുള്ള സത്യം ഒരു വിശ്വാസിക്ക് മറക്കാൻ സാധിക്കുകയില്ല. മാധ്യമം അടിച്ചേൽപ്പിക്കുന്ന ഭൗതിക മൂല്യങ്ങൾക്ക് അടിമയായി ജീവിയ്ക്കാതെ ബൈബിളിൻെറ വെളിച്ചത്തിൽ അവയെ നോക്കിക്കാണാനും സഹോദരങ്ങളോടുള്ള കടമകൾ മുറുകെപ്പിടിക്കാനും ബൈബിൾ ആഹ്വാനം ചെയ്യുന്നു.

## 1. ഉപഭോഗാസക്തി

ആധുനിക മാധ്യമങ്ങളും അവയിലൂടെ പ്രേക്ഷകരെ ആകർഷകവലയത്തിലൊതുക്കുന്ന പരസ്യങ്ങളും അടിച്ചേൽപ്പിക്കുന്ന

www.malankaralibrary.com

ഉപഭോഗാസക്തി മനുഷ്യനിൽ ആവേശവും, അത്യാർത്തിയും, ജനിപ്പിക്കുമ്പോൾ ലളിതമായ ജീവിത ശൈലിയും ദൈവപരിപാലനയിലുള്ള ആശ്രയത്വവും മനുഷ്യനുണ്ടാകണമെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

ലൂക്കായുടെ സുവിശേഷം 12-ാം അദ്ധ്യായം 13 മുതൽ 21 വരെയു ള്ള വാക്യങ്ങളിലൂടെ അവതരിപ്പിക്കുന്ന ഭോഷനായ ധനികൻ ഭൗതിക സൗകര്യങ്ങളെയെല്ലാം വാരിക്കൂട്ടുകയാണ്. അറപ്പുരകൾ നിറച്ചു കവിച്ച് ധനികൻ പറയുന്നു, "ആത്മാവേ അനേക വർഷത്തേയ്ക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു, വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക." എന്നാൽ ദൈവം അവനോടു പറഞ്ഞു, " ഭോഷാ! ഇന്നു രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നത് ആരുടേതാകും?". ഈ ചോദ്യം ഇന്നും പ്രസക്തമാണ്. മാധ്യമങ്ങൾ നമ്മുടെ ആവശ്യബോധം വർദ്ധിപ്പിക്കുകയാണ്. എല്ലാം സ്വന്തമാക്കിക്കൊണ്ട് പരിപൂർണ്ണ വിശ്രമം കൈവരിക്കാൻ കൊതിക്കുകയാണ്. എന്നാൽ ആ ഭോഷനോട് ദൈവം ചോദിക്കുന്ന ചോദ്യം നമ്മോടും ചോദിക്കുന്നതായി ചിന്തിക്കുക.

വി. മത്തായിയുടെ സുവിശേഷം 6-ാം അദ്ധ്യായം 19 മുതൽ 21 വരെ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത്, "ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ കരുതി വയ്ക്കരുത്. തുരുമ്പും, കീടങ്ങളും അവ നശിപ്പിക്കും. കള്ളൻമാർ അവ മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക, അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയുമില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും." ഭൗതിക സൗകര്യങ്ങൾ കണക്കറ്റു സ്വന്തമാക്കുമ്പോൾ നമ്മുടെ മനസ്സും അവിടെ കേന്ദ്രീകരിക്കപ്പെടും.

## 2. അഹങ്കാരം

മാധ്യമങ്ങൾ നൽകുന്ന മൂല്യങ്ങളെ സ്വന്തമാക്കുന്ന മനുഷ്യൻ അഹങ്കാരിയായി മാറുന്നത് സാധാരണമാണ്. അധ്വാന ഭാരത്തിൽ, കഷ്ടപ്പാടിൽ വലയുന്ന മനുഷ്യൻ ദൈവത്തെയും തന്നെയും സഹജീവിയെയും കുറിച്ച് ചിന്തിക്കുകയും ആശ്വാസം കൊള്ളുകയുമാണ് പതി



www.malankaralibrary.com

വ്. ഇവിടെ ജീവിത ദുഃഖങ്ങളെ മറികടക്കാനുള്ള ഉപാധികളുമായി മാധ്യമങ്ങൾ നമ്മെ സമീപിക്കുന്നു. വിശ്രമ വേളകളിൽ വിനോദം നൽകാൻ മാധ്യമം തയ്യാർ. പിന്നെ എന്തുവേണം? ഞാനാണ് വലിയവൻ, എനിക്കെല്ലാ സൗകര്യങ്ങളുമുണ്ട് എന്ന അഹംഭാവം മനുഷ്യനെ അടിമയാക്കിമാറ്റുന്നു. അഹങ്കാരം എല്ലാ പാപങ്ങളുടേയും മൂലകാരണമായി ബൈബിൾ ചിത്രീകരിക്കുന്നു. സുഭാഷിതങ്ങൾ 16: 18 - ൽ പറയുന്നു, "അഹങ്കാരം നാശത്തിൻെറ മുന്നോടിയാണ്." 'അഹങ്കാരിയുടെ ഭവനം ശൂന്യമായി തീരുന്നു. ദരിദ്രൻെറ പ്രാർത്ഥന ദൈവം കേൾക്കുന്നു." പ്രഭാഷകൻ 21:4-5,

ദൈവത്തെ മറന്ന് ഭൗതിക വസ്തുക്കളിൽ സന്തോഷിക്കുന്ന വ്യക്തി മനുഷ്യരെ മാത്രമല്ല ദൈവത്തെക്കൂടി വെറുപ്പിക്കുന്നു. "അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു." (പ്രഭാ. 10:7). "അഹങ്കാരം തുടങ്ങുമ്പോൾ കർത്താവിൽ നിന്ന് അകലുന്നു. ഹൃദയം അവൻെറ സ്രഷ്ടാവിനെ പരിത്യജിക്കുന്നു." (പ്രഭാ. 10:12). എളിമയും പരിത്യാഗവും വഴി ദൈവവുമായി രമ്യപ്പെടാൻ സാധിക്കണം.

## 3. അനുകരണം.

മാധ്യമങ്ങളിലൂടെ കടന്നുവരുന്ന അനുകരണഭ്രമം ഇന്നിൻെറ ശാപമായി മാറിയിരിക്കുന്നു. നമ്മുടെ സാംസ്ക്കാരിക പൈതൃകത്തെയും 'നിൻെറ ദൈവമായ കർത്താവ് ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് ' എന്ന ക്രിസ്തീയ തത്വസംഹിതയേയും കാറ്റിൽ പറത്തിക്കൊണ്ട് മാധ്യമങ്ങളിലൂടെ കടന്നുവന്ന അനുകരണ ഭ്രമം നമ്മെ വഴിതെറ്റിച്ചിരിക്കുന്നു. വീരാരാധന (Hero Worship) ഒരു ഫാഷനായി മാറിയിരിക്കുന്നു.

"നിങ്ങളുടെ ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ" (നിയമാവർത്തനം13:4). " ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ. 8:12).

യഥാർത്ഥമാർഗ്ഗമായ ക്രിസ്തുവിനെ അനുകരിക്കേണ്ട നമ്മെ ഇന്നു മാധ്യമങ്ങൾ നയിക്കുന്നത് എങ്ങോട്ടാണ്?.



www.malankaralibrary.com

# 4. അനീതി

"ഓരോരുത്തനും അർഹമായത് ലഭിക്കുക എന്നുള്ളതാണ് നീതി." എന്നാൽ ഈ നീതിവ്യവസ്ഥ ലോകത്തിനു മുമ്പിൽ അപ്രസക്തമായിരിക്കുന്ന കാഴ്ചയാണ് നാം കാണുക. അനർഹമായത് വാരിക്കൂട്ടാനുള്ള പരിശ്രമമാണ് നടക്കുന്നത്. ഇത്തരമൊരു അധർമ്മ സംസ്ക്കാരത്തിലേയ്ക്ക് മനുഷ്യനെ വലിച്ചിഴച്ചത് മാധ്യമങ്ങളാണ്. താത്ക്കാലിക ലാഭങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി സത്യത്തെ വളച്ചൊടിച്ച് ഏതു മാർഗ്ഗവും ഉപയോഗിക്കുന്ന വ്യക്തികളെയും സംഭവങ്ങളെയും മാധ്യമങ്ങൾ വെള്ളിത്തിരകളിൽ പകർത്തിയപ്പോൾ അസത്യവും, അനീതിയും തിന്മകളല്ലെന്നതോന്നൽ പ്രേക്ഷകർക്കുണ്ടായി. അനീതിയുടേയും അസത്യത്തിൻേറയും ജീവിതം നയിക്കുന്നവർക്കെതിരേ ബൈബിൾ രോഷം ചൊരിയുന്നതുനോക്കൂ. "അനീതിയുടെ മുകളിൽകൊട്ടാരം പണിയുകയും അന്യായത്തിനു മുകളിൽ മട്ടുപ്പാവു നിർമ്മിക്കുകയും ചെയ്യുന്നവൻ ശപ്തൻ"(ജറമിയ 22:13). "അനീതി പ്രവർത്തിക്കുന്നവൻ ദൈവരാജ്യം അവകാശപ്പെടുകയില്ല. "(കോറിന്തോസ് 6:9).

# 5 ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീത്വം

സ്ത്രീയെ അമ്മയും സഹോദരിയുമായിക്കണ്ട് ആദരിക്കാൻ പഠിപ്പിച്ച ഈ നാട്ടിൽ സ്ത്രീ മാധ്യമങ്ങളിലൂടെ അപമാനിതയായിക്കൊണ്ടിരിക്കുന്നു. ടി. വി. യിൽ പ്രത്യക്ഷപ്പെടുന്ന ഫാഷൻ പരേഡുകളിലും സൗന്ദര്യമത്സരങ്ങളിലും പരസ്യപ്രക്ഷേപണങ്ങളിലും സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്നതായിട്ടാണ് കാണുക. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ പാപം ചെയ്യുന്നു എന്ന ബൈബിൾ ചിന്ത ഇത്തരുണത്തിൽ പ്രസ്താവനീയമാണ്. "വ്യഭിചാരം ചെയ്യരുത്എന്നു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു." (മത്തായി 5:27).



www.malankaralibrary.com

# 13
# ടെലിവിഷൻ കുടുംബത്തിൽ

ഇന്ന് കുടുംബങ്ങൾ ടെലിവിഷൻെറ സ്വാധീനത്തിൽ അമർന്നിരിക്കുകയാണ്. വളരെ വേഗം ജോലികൾ തീർത്ത് ടെലിവിഷൻെറ മുമ്പിലെത്താൻ വ്യഗ്രത കാട്ടുന്നവരാണെല്ലാവരും. വാർത്തകൾ, വിജ്ഞാനം, വിനോദം, എന്നിവയെല്ലാം കുടുംബത്തിനു പകർന്നു നൽകാൻ ടി. വി. സർവ്വസന്നദ്ധമാണ്. കുടുംബത്തിൽ ഒട്ടേറെ വ്യതിയാനങ്ങൾ വരുത്താൻ ഈ മാധ്യമത്തിനു കഴിയുന്നു. മനോഭാവങ്ങളെയും അഭിപ്രായങ്ങളെയും ജീവിത മൂല്യങ്ങളെയും, പെരുമാറ്റ രീതികളെയും അത് രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

കുടുംബ ജീവിതത്തെ അനുഗ്രഹിക്കാൻ ദൂരദർശനു സാധിക്കുന്നുണ്ട്. കുടുംബാംഗങ്ങൾ ഒത്തൊരുമിച്ച് വിനോദവേളകൾ ആസ്വദിക്കുമ്പോൾ അത് കുടുംബ ബന്ധങ്ങളെ സുദൃഢമാക്കും. അയൽപക്കത്തെ കുടുംബങ്ങൾകൂടി ആ വീട്ടിൽ സമ്മേളിക്കുമ്പോൾ കുടുംബങ്ങൾ തമ്മിലുള്ള ബന്ധത്തിനും വ്യാപ്തി വർദ്ധിക്കുകയായി. കുടുംബാംഗങ്ങളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്ന ഒരു വലിയ ഉപാധിയാണിത്. മതാവബോധവും മതവിജ്ഞാനവും വളർത്താനും ഈ മാധ്യമത്തിൻെറ സാധ്യതകൾ



www.malankaralibrary.com

ഉപയോഗിക്കുന്നപക്ഷം അത് കൂടുതൽ പ്രയോജനപ്രദമായിരിക്കും.

കുടുംബങ്ങളെ ദോഷമായി സ്വാധീനിക്കുകയും ചെയ്യുന്ന ഒന്നാണീ മാധ്യമം - മനുഷ്യന്റെ മൂല്യ ബോധം പാടേതകർക്കാൻ പര്യാപ്തമായ പരിപാടികളാണ് ടി. വി. യിലൂടെ നാം അനുദിനം കാണുന്നത്. അവിടെ അവതരിപ്പിക്കപ്പെടുന്ന പെരുമാറ്റരീതികളും, അവ ജനിപ്പിക്കുന്ന ശ്ലീലാശ്ലീലബോധവും ഒട്ടും അഭിലഷണീയമല്ല. പിഞ്ചുകുഞ്ഞുങ്ങളെ മുതൽ മുതിർന്ന വരെ വരെ ഇവ അപകടത്തിലാക്കുന്നുവെന്നതാണ് വാസ്തവം.

കുടുംബങ്ങൾ തമ്മിലും കുടുംബത്തിലെ അംഗങ്ങൾതമ്മിലും അകലം വർദ്ധിപ്പിക്കുന്നതിൽ ദൂരദർശൻ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സ്വന്തം ലോകത്തേയ്ക്ക് ഉൾവലിയാനുള്ള ശ്രമമാണ് എല്ലായിടത്തും നടക്കുക. യഥാർത്ഥ വ്യക്തിബന്ധങ്ങൾക്കും, ബന്ധപ്പെടലുകൾക്കും തടസം നിൽക്കുന്ന ദൂരദർശൻ കുട്ടികളെ മാതാപിതാക്കളിൽ നിന്നും, മാതാപിതാക്കളെ കുട്ടികളിൽ നിന്നും അകറ്റി നിർത്തും. ഇങ്ങനെ ശിഥിലമാകുന്ന ബന്ധങ്ങൾ നമ്മുടെ സാംസ്ക്കാരിക പശ്ചാത്തലത്തെയും തകർത്തെറിയും. അതിനാൽ ഈ തലത്തിൽ ജാഗ്രത പുലർത്താനും എങ്ങനെ ടെലിവിഷൻ കാണണമെന്നു പഠിക്കാനും നാം ശ്രദ്ധിക്കണം.

## വിവേകം പുലർത്തുക

മാധ്യമങ്ങളെ വിവേചനാപൂർവ്വം വീക്ഷിക്കാൻ കുടുംബാംഗങ്ങൾ തയ്യാറാവുക. വിജ്ഞാനവും വിവേകവും പകരുന്ന പരിപാടികൾ കാണാനും കേൾക്കാനും അവസരം കണ്ടെത്തണം. പലപ്പോഴും വാർത്തകളും വിജ്ഞാന പ്രദമായ ഇതര പരിപാടികളും ബഹിഷ്ക്കരിക്കുന്ന രീതിയാണ് നമ്മുടെ കുടുംബങ്ങളിൽ ഉള്ളത്. അതുപാടില്ലെന്നുമാത്രമല്ല നമുക്കും നമ്മുടെ കുടുംബത്തിനും യോജിക്കാത്ത പരിപാടികൾ ടി. വി. സ്ക്രീനിൽ പ്രത്യക്ഷപ്പെടുമ്പോൾ അത് ഓഫ് ചെയ്യാനുള്ള വിവേകം കാട്ടണം.



www.malankaralibrary.com

## വിലയിരുത്തുക

ടെലിവിഷൻ പരിപാടികൾ കണ്ട് രസിച്ച് ചിരിച്ച് കടന്നുപോകുന്നവരാകരുത് നമ്മൾ. മാതാപിതാക്കളുടെയും മക്കളുടെയും സാന്നിദ്ധ്യത്തിൽ അതിനെ വിലയിരുത്തണം. വിലയിരുത്തലിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉപയോഗിക്കുകയും വേണം. സീരിയലുകളിലും ഇതര പരിപാടികളിലും കാണുന്ന മൂല്യത്തെ അംഗീകരിക്കാനും മൂല്യച്യുതിയെചൂണ്ടിക്കാട്ടാനും കുടുംബാന്തരീക്ഷത്തിൽ സമയം കണ്ടെത്താൻ കഴിഞ്ഞാൽ ടി. വി. ഉപദ്രവകാരിയാകില്ല. ഉദാഹരണത്തിന് കള്ളക്കടത്തിലൂടെ ധനികനും പ്രമാണിയുമായി മാറുന്ന ഒരു കഥാപാത്രത്തിൻെറ ശോഭനമായ ജീവിതം അവതരിപ്പിക്കുന്ന സീരിയൽ കണ്ടു കഴിഞ്ഞ കുടുംബത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളായിരിക്കും രൂപം കൊള്ളുക. കൊച്ചു കുട്ടികൾക്ക് ഒരു പക്ഷേ ആ ജീവിതം ആകർഷകമായിതോന്നാം. യുവാക്കൾക്ക് ആ വ്യക്തി അനുകരണീയനായും തോന്നിയേക്കാം. മുതിർന്നവർക്ക് പ്രത്യേകിച്ചും മതാപിതാക്കൾക്ക് ആ ജീവിതം ഒട്ടും സ്വീകാര്യമാകില്ല.

സുഖ സൗകര്യങ്ങൾ നേടിയെടുക്കുന്നതിന് അവലംബിക്കുന്ന മാർഗ്ഗത്തിൻെറ പരിശുദ്ധിയെക്കുറിച്ച് മുതിർന്ന തലമുറയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. അനാശാസ്യമായ മാർഗ്ഗത്തിലൂടെയുള്ള ഔന്നത്യം അവർ അഭിലഷിക്കുന്നില്ല. ഈ പരിപാടി കുടുംബത്തിൽ വിലയിരുത്തുന്ന പക്ഷം വളരുന്ന തലമുറയ്ക്ക് നല്ല മൂല്യങ്ങൾ പകരാനും മനോഭാവങ്ങൾ രൂപീകരിക്കാനും സാധിക്കും.

## സമയനിഷ്ഠ പുലർത്തുക

ടി. വി. കാണുന്നതിൽ സമയ നിഷ്ഠ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കേബിൾ ടി. വി. യുടെ കടന്നുവരവോടെ ദിവസം മുഴുവൻ പരിപാടി കണ്ടുകൊണ്ടിരിക്കാൻ അവസരം



www.malankaralibrary.com

ലഭ്യമാണ്. രാപകലുകൾ നീണ്ടു നിൽക്കുന്ന ക്രിക്കറ്റുകളികളും, തുടർച്ചയായി സിനിമകളും, മുഴുവൻ സമയവും ചലച്ചിത്ര ഗാനങ്ങളും ഒക്കെ ദൂരദർശൻെറ വിവിധ ചാനലുകളിലൂടെ ലഭ്യമാണ്.

ഇവയെല്ലാം കണ്ട് തീർക്കാൻ നാം ആഗ്രഹിക്കുന്ന പക്ഷം തകർന്നു വീഴുന്നത് നമ്മുടെ ജീവിതങ്ങളായിരിക്കും. ക്രിക്കറ്റു കളികാണാൻ വേണ്ടി ക്ലാസ്സുകൾ നഷ്ടപ്പെടുത്തുകയും പഠനം ഉഴപ്പുകയും ചെയ്യുന്ന വിദ്യാർത്ഥികൾ നഷ്ടമാക്കുന്നത് തങ്ങളുടെ വിദ്യാഭ്യാസ കാലമാണ്.

ഓഫീസുകളിൽ പോകാതെയും തൊഴിൽ ചെയ്യാതെയും ടി. വി. കാണുന്ന മുതിർന്ന വ്യക്തികൾ എത്രയെത്ര തൊഴിൽ ദിനങ്ങളാണ് നഷ്ടമാക്കുന്നത്.

ഇതിനൊക്കെ പുറമേ നമ്മുടെ കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുന്നത് നാം അറിയുന്നില്ല. പിഞ്ചുകുഞ്ഞുങ്ങൾ വരെ കണ്ണട ചുമന്നുകൊണ്ട് നടക്കുന്ന കാഴ്ച വളരെ വേദനാജനകമാണ്.

ഇതിനൊക്കെ പരിഹാരം നാം സ്വയം കണ്ടെത്തിയേ മതിയാകൂ. ദിവസത്തിൽ ഇത്രമണിക്കൂർ ടി. വി കാണാം എന്ന ഒരു തീരുമാനം നാം എടുക്കണം. അതിൽ തന്നെ വാർത്തകൾക്കും വിജ്ഞാന പ്രദമായ പരിപാടികൾക്കും മുൻ തൂക്കം നൽകണം.

ചുരുക്കത്തിൽ ടി. വി. കുടുംബത്തിനു ശാപമായി മാറാതെ അനുഗ്രഹമായി മാറണം.

# 14

# മാധ്യമ ബോധനം എങ്ങനെ?

മാധ്യമബോധനം ഇത്രയും നാൾ സ്കൂളിനു പുറത്ത് കൈകാര്യം ചെയ്യപ്പെട്ടിരുന്ന വിഷയമാണെങ്കിൽ ഇന്നത് സ്കൂളിൻെറ ഉള്ളിലേയ്ക്ക് കടന്നു വന്നിരിക്കുന്നു. സ്കൂളിലെ മറ്റു വിഷയങ്ങൾ പോലെയല്ല മാധ്യമബോധനം. കാരണം ഇവിടെ വിദ്യാർത്ഥികൾ മാധ്യമ കാര്യങ്ങളിൽ അദ്ധ്യാപകരെക്കാളും മുമ്പിലായിരിക്കാം. അതുകൊണ്ട് മാധ്യമ ബോധനം (Media Education) എന്ത് ? എങ്ങനെ? എന്ന വിഷയം ഈ അദ്ധ്യായത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം.

മാധ്യമലോകത്തെ നാലു തലത്തിൽ നമുക്ക് വീക്ഷിക്കാനാകും.

## 1. മാധ്യമാവബോധം (Media Awareness)

ഇന്നത്തെ സാഹചര്യത്തിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന മാധ്യമ വിസ്ഫോടനത്തെക്കുറിച്ച് അവബോധം ഉണ്ടാക്കിയെടുക്കുക.

## 2. മാധ്യമ സാക്ഷരത (Media Literacy)

മാധ്യമങ്ങളുടെ ഭാഷ, വ്യാകരണം, സാങ്കേതിക വശം എന്നിവയെക്കുറിച്ചുള്ള അറിവ്.

www.malankaralibrary.com

## 3. മാധ്യമോപയോഗം (Media Utilization)

മാധ്യമങ്ങളെ ആശയപ്രചരണരംഗങ്ങളിൽ ഉപയോഗിക്കുക.

## 4. മാധ്യമബോധനം (Media Education)

മാധ്യമങ്ങളെ അവ അർഹിക്കുന്ന രീതിയിൽ വിലയിരുത്തിക്കൊണ്ട് നല്ലവയെ സ്വീകരിക്കാനും തെറ്റായവയെ തള്ളിക്കളയാനും പരിശീലനം നല്കുക.

ഇവയിൽ സ്കൂൾ തലത്തിൽ ഏറ്റവും അധികം പ്രാവർത്തികമാക്കേണ്ടത് മാധ്യമബോധനമാണ്. എങ്കിൽ മാത്രമേ മാധ്യമത്തെ വിമർശന ബുദ്ധ്യാ വീക്ഷിക്കാനുള്ള പരിശീലനം കുട്ടികൾക്കു ലഭ്യമാകൂ.

മാധ്യമബോധനം സിനിമാ ആസ്വാദനത്തിലോ, മൂല്യബോധനത്തിലോ, മാധ്യമോപകരണങ്ങളുടെ ഉപയോഗത്തിലോ മാത്രം ഒതുക്കി നിർത്താവുന്ന ഒന്നല്ല. പിന്നെയോ, മാധ്യമങ്ങൾ മനുഷ്യൻെറ മേൽ ചെലുത്തുന്ന സ്വാധീനത്തെ ഉത്തരവാദിത്വ പൂർണ്ണമായ മാധ്യമ പങ്കാളിത്തത്തിലൂടെ ചൂണ്ടിക്കാണിച്ചുകൊടുക്കണം.

നമ്മുടെ ക്ലാസ്സ് മുറിയിൽ തന്നെ നടത്താൻ സാധിക്കുന്ന ഒരു രീതി ഉദാഹരണമായിട്ടെടുക്കാം. കുട്ടികളോട് അടുത്ത ഞായറാഴ്ച ടി. വി. യിൽ വരുന്ന സിനിമ കാണാൻ ആവശ്യപ്പെടുക വെറുതെ കണ്ടുപോകാതെ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

സിനിമയുടെ കഥ, സന്ദേശം, ശബ്ദം, അഭിനയിക്കുന്നവർ കൂടാതെ സംവിധായകൻ, നിർമ്മാതാവ് എന്നിങ്ങനെയുള്ള ഘടകങ്ങൾ വിമർശന ബുദ്ധ്യാ പഠിക്കണം. ഈ രീതിയിൽ കുട്ടികൾ ക്ലാസ്സിൽ വരുമ്പോൾ ആദ്യപടിയായി ഈ കാര്യങ്ങളിൽ ചർച്ച ആരംഭിക്കുക കഴിവതും എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തണം. ചർച്ചയ്ക്ക് ഇടയാകാമെന്ന നിലയിൽ താഴ പെറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിണം.

1. എന്താണു നിങ്ങൾ സിനിമയിൽ കണ്ടത് ?
2. നിങ്ങൾക്ക് ഈ സിനിമ എത്രമാത്രം ഇഷ്ടപ്പെട്ടു?
3. എന്തു സന്ദേശമാണ് കിട്ടിയത്?



www.malankaralibrary.com

ചർച്ച ശരിയായ രീതിയിൽ നയിച്ചതിനു ശേഷം പ്രധാനപ്പെട്ട ചില ചോദ്യങ്ങളിലേയ്ക്ക് നിങ്ങളുടെ ചിന്ത കൊണ്ടുവരണം.

**1. നിങ്ങൾ സിനിമയുടെ സന്ദേശം അംഗീകരിക്കുന്നുവോ ?**

**2. ഈ സന്ദേശം സ്വീകാര്യമാണോ?**

**3. ഇത് സമൂഹത്തിനു നന്മകൾ വിതറുമോ?**

**4. ഇതു മനുഷ്യ വ്യക്തിത്വത്തെ മാനിക്കുന്നുവോ?**

**5. ഇതു പ്രോത്സാഹിപ്പിക്കാവുന്ന ഒരു സിനിമയാണോ?**

മുകളിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിലൂടെ സിനിമയിലെ സന്ദേശത്തെ സ്വീകരിക്കാനും, വിമർശിക്കാനും, ഉൾക്കൊള്ളാനുമുള്ള ഒരു മാധ്യമബോധന രീതി കുട്ടികൾക്ക് പടിപടിയായി ലഭിക്കും.

ഇന്നു പലരുടെയും വിചാരം മാധ്യമബോധനം എന്നു പറയുന്നത് സിനിമ, ടി. വി. എന്നിവ ക്ലാസ്സ് മുറിയിൽ കൊണ്ടുവന്ന് ഉപയോഗിച്ച് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം എന്നാണ്. പ്രായോഗികമായി ചിന്തിച്ചാൽ ബുദ്ധിമുട്ടുള്ള കാര്യമായതുകൊണ്ട് ആരും അതിനു മെനക്കെടാറില്ല. എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന ചെറിയ രീതിയിലൂടെ പത്രം, സിനിമ, ടി. വി. എന്നിവയെങ്കിലും വിലയിരുത്തിക്കൊണ്ടുള്ള സംരംഭങ്ങൾ ഉടനെതന്നെ നാം ആരംഭിക്കണം.

മാധ്യമ ബോധനം സജീവമാക്കുവാൻ ഇന്ത്യയിലെ ചില സ്ഥലങ്ങളിൽ 'സിനിമാഫോറം' 'ടെലിഫോറം' എന്നീരീതിയിൽ മാധ്യമ വിചിന്തന ഗ്രൂപ്പുകൾ രൂപംകൊണ്ടിരിക്കുന്നു. സിനിമയെ വിമർശിക്കുകയും വിലയിരുത്തുകയുമാണ് 'സിനിമാ ഫോറം' ചെയ്യുക. ടി. വി. യിലെ പരിപാടികൾ ടെലിഫോറം വിലയിരുത്തുന്നു. ഇതുപോലെയുള്ള ഗ്രൂപ്പുകൾ നമ്മുടെ സ്കൂളുകളിലും ആരംഭിക്കണം.



www.malankaralibrary.com

## പഠനക്കളരികളിൽ ചർച്ചചെയ്യാൻ ചില വിഷയങ്ങൾ

1. വ്യക്തിഗത മാധ്യമങ്ങൾ ബഹുജന മാധ്യമങ്ങളായി മാറുന്നതാണ് മാധ്യമ വികാസ ചരിത്രത്തിൻെറ ആകെതുക.

2. വിജ്ഞാനവും വിനോദവും പകരുന്ന റേഡിയോ, ആധുനികയുഗത്തിലെ ജനോപകാരിയായ മാധ്യമമാണ്.

3. വർത്തമാനപത്രങ്ങളുടെ വികാസ ചരിത്രം വിശകലനം ചെയ്ത് അവയുടെ ഇന്നത്തെ സ്വാധീനം ചർച്ചചെയ്യുക.

4. ടെലിവിഷൻ, മാധ്യമ ലോകത്തെ രാജാവാണ്. അത് സമൂഹത്തിൽ വരുത്തുന്ന തിന്മകൾ ചർച്ചചെയ്യുക, നാം അവയെ എങ്ങനെ നേരിടണം.

5. മനുഷ്യൻെറ ആവശ്യബോധം വർദ്ധിപ്പിച്ച് അവനെ പദാർത്ഥാത്മക മൂല്യങ്ങൾക്കുവേണ്ടി പരക്കം പായിക്കുന്നവയാണ് പരസ്യങ്ങൾ - ചർച്ചചെയ്യുക.

6. മൂല്യങ്ങൾ പകരുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്കും ക്രൈസ്തവ മൂല്യങ്ങളോടു മാധ്യമങ്ങൾക്കുള്ള സമീപനവും.

7. മാധ്യമങ്ങളുടെ, നന്മയും ശക്തിയും,

8. മാധ്യമങ്ങൾ പകരുന്ന മുല്യങ്ങൾക്കെതിരെ ബൈബിൾ നൽകുന്ന സന്ദേശം.

9. മാധ്യമ ബോധനം എന്നാൽ എന്ത് ? ഇത് എങ്ങനെ സാധ്യമാകും.

10. മാധ്യമങ്ങളോടുള്ള സഭയുടെ സമീപനം ഔദ്യോഗിക പ്രബോധനങ്ങളെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക.

(ഈ വിഷയങ്ങളിലൊന്ന് നറുക്കിട്ടെടുത്തായിരിക്കും യു. പി. വിഭാഗം പഠനക്കളരി മത്സരങ്ങൾ നടത്തുക.)



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ നേട്ടങ്ങളിലൊന്ന്
ആധുനിക ലോകത്തിന് ദൂരത്തിന്റെയും സമയത്തിന്റെയും
പരിധികളെ തകർക്കാനുള്ള ഉപാധി
വിജ്ഞാന ദാഹികൾക്ക് വിജ്ഞാനം പകരുന്ന ഘടകം
യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും
ഹരം പകരുന്ന വിനോദോപാധി
സന്മാർഗ്ഗവാദികൾക്ക് അനിഷ്ടകരമായ സംഗതി
ഇതൊക്കെയാണ് ഇന്ന് ആധുനിക മാധ്യമം.

ആധുനിക മാധ്യമങ്ങളെ അറിയാനും വിശകലനം ചെയ്യാനും
സഭാത്മകമായി നോക്കിക്കാണാനും സഹായകമായിരിക്കും
"മാധ്യമങ്ങളും ക്രൈസ്തവ മൂല്യങ്ങളും"



www.malankaralibrary.com